നം.കെഎസ്എ.കെടിഎം.പി.15/1780/2019 തീയതി 28.01.2020

# കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ബ്ലോക്ക്പഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ബ്ലോക്ക്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-03-2018 മുതൽ 30-09-2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത്. ഓഡിറ്റ് പരാമർശങ്ങൾ 19.11.2019-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ സാബു ജോസഫ്,സീനിയർ ഡെപ്യൂട്ടി ഡയറക്ടർ. | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 6.11.2019 മുതൽ 8.11.2019 വരെ 15.11.2019 മുതൽ 19.11.2019 വരെ. | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. പ്രസാദ് പി. ജി. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി അമ്പിളി.എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ബാബുരാജ് കെ.ബി. | ഓഡിറ്റർ(ഹ.ഗ്രേ) |
| | ശ്രീ.ജോഷി തോമസ് | ഓഡിറ്റർ |

നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡൻറ് | ശ്രീമതി ആശ ജോയി | 01-04-2018 മുതൽ 07-01-2019 വരെ. |
| | ശ്രീമതി റോസമ്മ ആഗസ്തി | 08-01-2019 മുതൽ 05-02-2019 വരെ. |
| | ശ്രീമതി സോഫി ജോസഫ് | 06-02-2019 മുതൽ 31.03.2019 വരെ. |
| സെക്രട്ടറി | ശ്രീ.കെ.അജിത്ത്<br>(ജോയിന്റ് ബി.ഡി.ഒ.ചാർജ് ) | 01-04-2018 മുതൽ 03-05-2018 വരെ |
| | ശ്രീ.എൻ.രാജേഷ് | 04.05.2018 മുതൽ 31-03-2018 വരെ |

മറ്റ് നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി അസി.ഡയറക്ടർ | ശ്രീ.സജിമോൻ കെ.വർഗീസ്. | 01-04-2018 മുതൽ 03-03-2019 വരെ. |
| | ശ്രീമതി ജൂലി എലിസബത്ത് | 04-03-2019മുതൽ 31-03-2019 വരെ. |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി മുണ്ടക്കയം. | ഡോ.തസ്നി ഭാനു. | 01-04-2018 മുതൽ 31-07-2018 വരെ |
| | ഡോ.തോമസ് മത്തായി | 01-08-2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി എരുമേലി. | ഡോ.സീന ഇസ്മയിൽ. | 01.04.2018മുതൽ 31.03.2019 വരെ. |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി കൂട്ടിക്കൽ. | ഡോ.പ്രസൂൺ മാത്യു.എം. | 01.04.2018മുതൽ 31.03.2018 വരെ. |
| ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ. | ശ്രീ.രാജൻ.കെ.വി. | 01.04.2018 മുതൽ 31.03.2019 വരെ. |
| പട്ടികജാതിവികസന ഓഫീസർ. | ശ്രീ.അജിമോൻ.ടി.എസ്. | 01.04.2018 മുതൽ 31.03.2019 വരെ |
| ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.നിസ്സാർ.ടി.എ. | 01-04-2018 മുതൽ 31-03-2019 വരെ. |
| ക്ഷീരവികസന ഓഫീസർ | ശ്രീ.എൻ.ജെ.ജോസഫ് | 01-04-2018 മുതൽ 31-07-2018 വരെ |
| | ശ്രീമതി.ജിസ്സ ജോസഫ് | 01-08-2018 മുതൽ 31-03-2019 വരെ |
| ശിശുവികസന പ്രോജക്ട് ഓഫീസർ, മുണ്ടക്കയം. | ശ്രീമതിഷൈല കെ.ജി. | 01-04-2018 മുതൽ 31-03-2019 വരെ. |
| ശിശുവികസന പ്രോജക്ട് ഓഫീസർ, കാഞ്ഞിരപ്പള്ളി. | ശ്രീമതി ബീനാമ്മ ജേക്കബ്. | 01.04.2018 മുതൽ 31-03-2019 വരെ. |
| അസി.എക്സിക്യൂട്ടീവ് എൻജിനീയർ, എൽ.എസ്.ജി.ഡി | ശ്രീ.അശോകൻ.ടി.എം. | 01.04.2018 മുതൽ 23-08-2018 വരെ. |
| | ശ്രീമതി.ദീപ.ടി.ആർ. | 24-08-2018 മുതൽ 31-03-2019 വരെ. |
| അസിസ്റ്റന്റ് എൻജിനീയർ എൽ.എസ്.ജി.ഡി. | ശ്രീ.മുഹമ്മദ് റാഫി.എസ്. | 01.04.2018 മുതൽ 19.06.2018 വരെ. |
| | ശ്രീ.ടി.പദ്മകുമാർ | 28-06-2018 മുതൽ 31.03.2019 വരെ |

ഉള്ളടക്കം


| ഖണ്ഡിക നം. | ഖണ്ഡിക |
|---|---|
| **ഭാഗം 1 – ഓഡിറ്റ് റിപ്പോർട്ട്** | |
| | |

| | |
|---|---|
| 1-1 | ബജറ്റ് |
| 1-2 | ഫണ്ട് വിനിയോഗം |
| 1-3 | പദ്ധതി അവലോകനം |
| 1-4 | ആഭ്യന്തരനിയന്ത്രണം |
| 1-5 | ക്യാഷ് വെരിഫിക്കേഷൻ |
| 1-6 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-7 | വാർഷിക കണക്കുകളുടെ അവലോകനം |
| 1-8 | ഐ.എ.വൈ.പ്ലാൻ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക സർക്കാരിലേക്ക് അടയ്ക്കേണ്ടതാണ് |
| 1-9 | ഇ-ടെണ്ടർ ഫീസുകൾ ലഭ്യമായില്ല |
| 1-10 | മരാമത്ത് പ്രവൃത്തികൾക്കുള്ള ഫണ്ട് അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് കൈമാറുന്നത് - അക്കൗണ്ട് രേഖകൾ ലഭ്യമാക്കിയില്ല |
| 1-11 | ദിവസവേതന വ്യവസ്ഥയിലുള്ള ഡ്രൈവർക്ക് അധിക നിരക്കിൽ ദിനബത്ത അനുവദിച്ചത് |
| 1-12 | ദിവസവേതനത്തിൽ ഡേറ്റാ എൻട്രി ഓപ്പറേറ്റർ നിയമനം - നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല |
| 1-13 | വയോജനങ്ങൾക്ക് കേൾവിശക്തി പരിശോധനാ ക്യാമ്പും ഇയർഫോൺ വിതരണവും - ഇയർഫോൺ വിതരണം ചെയ്തില്ല |
| 1-14 | പ്രോജക്ട് നം.151/19, വൃദ്ധജനങ്ങൾക്കായി നേത്രപരിശോധനാക്യാമ്പും കണ്ണടവിതരണവും - പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ |
| 1-15 | പഠനമുറി - പൂർത്തിയായില്ല |
| 1-16 | പട്ടികജാതി സ്കൂൾ വിദ്യാർത്ഥികൾക്ക് തായ്ക്കോണ്ട പരിശീലനം - മാർഗ്ഗരേഖയിലില്ലാത്ത പ്രോജക്ട് നടപ്പിലാക്കി |
| 1-17 | ഐ.എസ്.ഒ.സർട്ടിഫിക്കറ്റ് നേടുന്നതിന് അടിസ്ഥാന സൗകര്യമൊരുക്കൽ - നിർദ്ദിഷ്ട ഇനം ഇലക്ട്രിക്കൽ ഐറ്റംസ് ഫിറ്റ് ചെയ്തിട്ടില്ല |
| 1-18 | സമാഹരണ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല |
| 1-19 | വിവിധ പ്രോജക്ടുകൾ പ്രകാരം വാങ്ങിയ ഉപകരണങ്ങൾ നിഷ്ക്രിയമായി അവശേഷിക്കുന്നു |
| 1-20 | വിതരണ വിവരങ്ങൾ ലഭ്യമല്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു |
| 1-21 | കൊടിത്തോട്ടം കോളനി പകൽവീട് - നിർമ്മാണം പാതിവഴിയിൽ നിർത്തി - പൊട്ടിച്ചപാറയുടെ അളവ് രേഖപ്പെടുത്തിയില്ല |
| 1-22 | പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം - പിഴ ഈടാക്കിയത് കുറവ് |
| 1-23 | പ്രയാറ്റുപടി വഞ്ചികപ്പാറ റോഡ് നിർമ്മാണം - പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം |
| 1-24 | സ്രാമ്പി - മുളങ്കാനം കുടിവെള്ള പദ്ധതി - നിർവ്വഹണത്തിൽ അപാകതകൾ |
| 1-25 | കറുവാമൂഴി ജലസേചനപദ്ധതി - പഞ്ചായത്തിന്റെ ആസ്തിയാണെന്ന് ഉറപ്പു വരുത്തിയിട്ടില്ല – പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല |
| 1-26 | കൂട്ടിക്കൽ സി.എച്ച്.സി.കെട്ടിട മെയിന്റനൻസ് - എം.ബുക്കിൽ പ്രവൃത്തി രേഖപ്പെടുത്തിയതിൽ അപാകത |
| ഭാഗം 2 – വരവ് - വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | |

| | |
|---|---|
| 2-1 | വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ |
| **ഭാഗം 3 – ചെലവ് - വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 3-1 | വയോജനങ്ങൾക്ക് കേൾവിശക്തി പരിശോധനാ ക്യാമ്പും ഇയർഫോൺ വിതരണവും - ഇയർഫോൺ വിതരണം പൂർത്തിയായില്ല |
| 3-2 | പ്രോജക്ട് നം.151/19 – വൃദ്ധജനങ്ങൾക്കായി നേത്രപരിശോധനാ ക്യാമ്പും കണ്ണടവിതരണവും - പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ |

| | |
|---|---|
| **ഭാഗം 4 – പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 4-1 | വാർഷികധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 4-2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ |
| 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 4-5 | വായ്പ/വായ്പാ തിരിച്ചടവ് |
| 4-6 | സ്ഥിരനിക്ഷേപം |
| 4-7 | ഓഡിറ്റ് റിക്കവറി |
| 4-8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 4-9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |
| 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് - 31.03.2019 തീയതിയിൽ |
| അനുബന്ധം 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2018-19 |
| അനുബന്ധം 4 | റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് - 2018-19 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 14-03-2018 തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 5494528 | 38820915 |
| വരവ് | 305980472 | 900444130 |
| ആകെ | 311475000 | 128865045 |
| ചെലവ് | 308993000 | 92284066 |
| | | |

| | | |
|---|---|---|
| നീക്കിയിരിപ്പ് | 2482000 | 36580979 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത തുകകളും യഥാർത്ഥ തുകകളും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നതിൽ നിന്ന് പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ കൃത്യമായി പാലിച്ചല്ല ബജറ്റ് തയ്യാറാക്കിയതെന്ന് വ്യക്തമാകുന്നു. ബജറ്റ് തയ്യാറാക്കി അംഗീകരിക്കുന്നതിൽ പഞ്ചായത്ത് രാജ് നിയമങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

# 1-2 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് തുക | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 52674000 | 52674000 | 46163937 | 6510063 |
| വികസനഫണ്ട് എസ്.സി.പി. | 0 | 20000000 | 20000000 | 13692121 | 6307879 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 5273000 | 5273000 | 5195006 | 77994 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 6037000 | 6037000 | 6037000 | 0 |
| ജനറൽ പർപ്പസ് ഫണ്ട് | 3335243 | 3663543 | 6998786 | 6402214 | 596572 |
| പൈക്ക | 56347 | 1997 | 58344 | 0 | 58344 |
| ഖരമാലിന്യപരിപാലനം (TSC) | 955720 | 36621 | 992341 | 2730 | 989611 |
| ജില്ലാ പഞ്ചായത്ത് (ക്യാപ്പിറ്റൽ) | 490000 | 0 | 490000 | 238461 | 251539 |
| ജില്ലാ പഞ്ചായത്ത് (റവന്യൂ) | 5912812 | 0 | 5912812 | 0 | 5912812 |
| ഗ്രാമ പഞ്ചായത്ത് (റവന്യൂ) | 200000 | 0 | 200000 | 0 | 200000 |
| ഗ്രാമ പഞ്ചായത്ത്(ക്യാപ്പിറ്റൽ) | 87755 | 550687 | 638442 | 154840 | 483602 |

<u>സർക്കാർ ധനസഹായങ്ങൾ പാഴായത്</u>

വാർഷിക പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കാതെ വന്നതിനാൽ വിവിധ സർക്കാർ ധനസഹായങ്ങളിൽ ആകെ 1,28,95,936/- രൂപ ലാപ്സായിട്ടുണ്ട്.

| ഫണ്ടിനം | ലാപ്സായ തുക |
|---|---|
| വികസനഫണ്ട് (പൊതു) | 65,10,063 |
| വികസനഫണ്ട് (എസ്.സി.പി) | 63,07,879 |
| വികസനഫണ്ട് (ടി.എസ്.പി) | 77,994 |
| ആകെ | 1,28,95,936 |

വിവിധ ഗ്രാന്റുകളുടെ വിനിയോഗലക്ഷ്യം കൈവരിക്കുന്നതുവഴി തുക നഷ്ടമാകാനുള്ള സാഹചര്യം ഭാവിയിൽ ഒഴിവാക്കേണ്ടതുമാണ്.

# 1-3 പദ്ധതി അവലോകനം.

2018-19 വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് പദ്ധതി ആസൂത്രണസമിതി യോഗങ്ങൾ 19-1-2018, 23-1-2018 തീയതികളിൽ ചേർന്നു. പുന:സംഘടിപ്പിച്ച വർക്കിംഗ് ഗ്രൂപ്പുകൾ 25-1-2018ൽ യോഗങ്ങൾ ചേരുകയുണ്ടായി. പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ബ്ലോക്ക് ഗ്രാമസഭ 15-2-2018 ൽ ചേർന്ന് കരട് പദ്ധതിനിർദ്ദേശങ്ങൾ ചർച്ചചെയ്തു. 7-3-18ൽ നടന്ന വികസനസെമിനാറിൽ വാർഷികപദ്ധതി പ്രോജക്ടുകൾക്ക് അന്തിമരൂപം നല്കി. ജില്ലാ ആസൂത്രണസമിതി 490/18/DPC/DPO/KTM ഉത്തരവ് പ്രകാരം പ്രോജക്ടുകൾക്ക് അംഗീകാരം നല്കി.

വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ട് നിർവഹണവേളയിൽ മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കണമെന്ന് നിർദേശമുണ്ടായിരുന്നുവെങ്കിലും പ്രോജക്ടുകൾ ഒന്നും തന്നെ മോണിട്ടറിംഗ് നടത്തിയിരുന്നില്ലയെന്നാണ് ഓഡിറ്റിൽ വ്യക്തമായത്.

പ്രോജക്ടുകളുടെ രൂപീകരണത്തിലും നിർവഹണത്തിലും മതിയായ ഇടപെടലുകൾ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ഭാഗത്തുനിന്നും ഉണ്ടായതായി മിനിറ്റ്സ് ബുക്കുകളിലെ രേഖപ്പെടുത്തലുകളിൽ നിന്ന് വ്യക്തമാകുന്നു. ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് കെട്ടിടനിർമാണം പോലുള്ള പ്രവൃത്തികൾ ഏറ്റെടുക്കുന്ന സാഹചര്യങ്ങളിൽ പ്രസ്തുത ഗ്രാമപഞ്ചായത്തിൽ നിന്നുള്ള സമ്മതപത്രം ലഭ്യമാക്കുന്നതായി കാണുന്നില്ല. എരുമേലി ഗ്രാമപഞ്ചായത്തിൽ കൊടിത്തോട്ടം കോളനിയിൽ ഭൂമിയുടെ ഉടമസ്ഥാവകാശം കൃത്യമായി നിർണ്ണയിക്കാതെയും മതിയായ അനുമതി ഇല്ലാതെയുമാണ് പകൽവീട് നിർമ്മാണം ആരംഭിച്ചത്. പ്രോജക്ടുകളുടെ ആസൂത്രണത്തിലെയും നിർവഹണത്തിലെയും പാളിച്ചകൾ മൂലം പല പ്രോജക്ടുകളും യഥാസമയം നടപ്പാക്കാനാവാത്ത സാഹചര്യവും ഉണ്ട്.

അംഗീകാരം ലഭിച്ചതും നടപ്പാക്കിയതുമായ വാർഷിക പദ്ധതി പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 217 | 121257990 | 138 | 71423498 | - | 79 | 64 |

ആകെയുള്ള 217ൽ 138 പ്രോജക്ടുകളാണ് തൻവർഷം പൂർത്തീകരിച്ച് തുക മാറിയിട്ടുള്ളത്. പല പ്രോജക്ടുകളും സാമ്പത്തിക വർഷാവസാനം പൂർത്തിയാക്കിയെങ്കിലും ബില്ലുകൾ മാറാനാവാതെ "ക്യൂ"വിലുൾപ്പെട്ടിരുന്നു.

| ക്രമ നം. | നിർവഹണ ഉദ്യോഗസ്ഥൻ | ആകെ പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | പ്രോജക്ടുകളുടെ വകയിരുത്തൽ | പ്രോജക്ടുകളുടെ ചെലവ് |
|---|---|---|---|---|---|
| 1 | കൃഷി അസി.ഡയറക്ടർ | 2 | 1 | 100000 | 270000 |
| 2 | സെക്രട്ടറി | 68 | 62 | 39351440 | 33256720 |
| 3 | മെഡി.ഓഫീസർ, സി.എച്ച്.സി (മുണ്ടക്കയം, കുട്ടിക്കൽ, എരുമേലി) | 10 | 7 | 4503350 | 2660004 |
| 4 | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ. | 2 | 1 | 644481 | 494481 |
| 5 | പട്ടികജാതിവികസന ഓഫീസർ. | 2 | 2 | 3600000 | 2932750 |
| 6 | സി.ഡി.പി.ഒ | 5 | 4 | 5183110 | 4504500 |
| 7 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ. | 2 | 2 | 1825000 | 1825000 |
| 8 | വ്യവസായവികസന ഓഫീസർ. | 2 | 1 | 750000 | 200000 |
| 9 | അസി.എക്സി.എൻജിനീയർ | 4 | 4 | 2080235 | 993667 |
| 10 | അസി.എൻജിനീയർ. | 120 | 54 | 62320374 | 24286376 |

| | | | | | |
|---|---|---|---|---|---|
| ആകെ | | 217 | 138 | 121257990 | 71423498 |

വാർഷികപദ്ധതി അടങ്കൽ തുകയുടെ 59%മാത്രമാണ് ചെലവഴിക്കപ്പെട്ടത്.

സി.ഡി.പി.ഒ. നടപ്പാക്കിയ പ്രോജക്ടുകളാണ് ഭിന്നശേഷിയുള്ളവർക്ക് മുച്ചക്രവാഹനം, അങ്കണവാടി പോഷകാഹാരം എന്നിവ. മുച്ചക്രവാഹനം കൈപ്പറ്റിയ എല്ലാ ഗുണഭോക്താക്കളുടെയും കരാർ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല എന്നത് അപാകതയാണ്.

സംയുക്ത പ്രോജക്ടുകൾക്ക് വിഹിതം നൽകൽ, ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് പണം ഒടുക്കൽ ഉൾപ്പെടെ നിരവധി പ്രോജക്ടുകളാണ് സെക്രട്ടറി നടപ്പിലാക്കിയത്. തൊഴിൽ പരിശീലന കേന്ദ്രങ്ങൾക്ക് ഉപകരണം, സ്കൂളുകൾക്ക് കമ്പ്യൂട്ടർ, തുടങ്ങിയ വാങ്ങൽ പ്രോജക്ടുകളിൽ വാങ്ങിയ ഇനങ്ങളുടെ സ്റ്റോക്ക് വിതരണ വിവരങ്ങൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല. കുഴൽകിണർ കുഴിക്കൽ പ്രോജക്ടിനായി 12 ലക്ഷം രൂപ ഭൂജലവകുപ്പിൽ ഡെപ്പോസിറ്റ് ചെയ്തുവെങ്കിലും പ്രവൃത്തി നടന്നിട്ടില്ല. മാത്രമല്ല കരാർ പോലും ഇല്ലാതെയാണ് തുക നല്കിയത്. മുൻവർഷങ്ങളിലേതുൾപ്പെടെ വലിയ തുക ഭൂജലവകുപ്പിൽ ബ്ലോക്കിന്റെ നിഷ്ക്രിയ നിക്ഷേപമായി കിടക്കുന്നു. ശരിയായ പഠനവും പ്രായോഗികക്ഷമതാ വിലയിരുത്തലുമില്ലാതെയാണ് പല പ്രോജക്ടുകളും ഏറ്റെടുത്തത് എന്നതിന്റെ ഉദാഹരണമാണ് സ്കൂളുകൾക്ക് നല്കിയ നിലവിലും ഉപയോഗരഹിതമായിരിക്കുന്ന നാപ്കിൻ വെന്റിംഗ് മെഷീനുകൾ. പണം നൽകി ഉപയോഗിക്കുന്ന തരത്തിലുള്ള ടി മെഷീനുകൾ സ്കൂളുകളിൽ പ്രായോഗികമല്ല.

സി.എച്ച്.സി എരുമേലി, നടപ്പാക്കിയ വയോജനങ്ങൾക്ക് കണ്ണട വിതരണം, ശ്രവണസഹായി വിതരണം തുടങ്ങിയ പ്രോജക്ടുകളും മതിയായ ഉൾക്കാഴ്ചയോ ലക്ഷ്യപ്രാപ്തി സംബന്ധിച്ച നിഷ്കർഷയോ കാര്യക്ഷമതയോ ഇല്ലാതെ ഏറ്റെടുത്തതാണെന്ന് ഇനിയും വിതരണം ചെയ്യാത്ത കണ്ണടകളും, ശ്രവണസഹായികളും വ്യക്തമാക്കുന്നു.

മെറിട്ടോറിയസ് കുട്ടികൾക്ക് സ്കോളർഷിപ്പ് എന്ന പ്രോജക്ട് അപേക്ഷിക്കുന്നവർക്കെല്ലാം സ്കോളർഷിപ്പ് നല്കാനുള്ള ഉപാധിയാക്കാതെ മെറിറ്റ് വിലയിരുത്തി തന്നെ നല്കാനുള്ള ഉത്തരവാദിത്വം നിർവഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കുമുണ്ട്.

വ്യവസായവികസന ഓഫീസർ നടപ്പാക്കിയ പ്രോജക്ടുകളിലൂടെ ബിസ്മി കുടുംബശ്രീ യൂണിറ്റിനും, മഹിമ കുടുംബശ്രീ യൂണിറ്റിനും യഥാക്രമം തയ്യൽ, കാറ്ററിംഗ് തൊഴിൽ സംരംഭങ്ങളുടെ വിപുലീകരണത്തിന് ധനസഹായം നല്കി. ഈ യൂണിറ്റുകളുടെ തുടർ പ്രവർത്തനം മോണിറ്റർ ചെയ്യേണ്ടതാണ്.

കൃഷി അസി.ഡയറക്ടർ നടപ്പാക്കിയ കാർഷികവിപണികൾക്ക് റിവോൾവിംഗ് ഫണ്ട് യഥാർത്ഥത്തിൽ പ്രവർത്തിക്കുന്ന കർഷക കൂട്ടായ്മക്കാണ് നൽകിയതെന്ന് ഉറപ്പാക്കുന്ന രേഖകൾ ഇല്ലാതെയാണ് കൊന്നക്കുളം ഫാർമേഴ്സ് ഗ്രൂപ്പിന് നല്കിയത്. ടി ഗ്രൂപ്പിന്റെ പ്രവർത്തനമികവ് തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കേണ്ടതാണ്.

അസി.എക്സി.എൻജിനീയർ, അസി.എൻജിനീയർ എന്നിവർ നടപ്പിലാക്കിയ പല പ്രോജക്ടുകളും മുൻവർഷങ്ങളിൽനിന്ന് തുടർന്നുവന്ന സ്പിൽ ഓവർ പ്രവൃത്തികളാണ്. കാരണം ഇല്ലാതെ പൂർത്തീകരണം വൈകിച്ച കരാറുകാർ/കൺവീനർമാർ എന്നിവർക്കെതിരെ നടപടി സ്വീകരിക്കാതെയും കൃത്യമായ ഫൈൻ ഈടാക്കാതെയും ബില്ലുകൾ മാറിനല്കിയതും, കാരണം കാണിക്കാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്തതും പോലെയുള്ള അപാകതകൾ നിലനില്ക്കുന്നു. പ്രവൃത്തിയുടെ ഭാഗമായി നിലവിലെ നിർമ്മിതിയുൾപ്പെടെ പൊളിച്ചുനീക്കുമ്പോൾ സർവെ റിപ്പോർട്ട് ഉൾപ്പെടെയുള്ള വിവരങ്ങൾ അളവ് പുസ്തകത്തിൽ ചേർക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം ചെയ്യുന്നില്ല. പ്രവൃത്തികളുടെ പ്രായോഗികത, അവശ്യകത എന്നിവ ഉൾക്കൊള്ളാതെയാണ് പല പ്രോജക്ടുകളും തയാറാക്കി അംഗീകാരം നേടുന്നതും പ്രവൃത്തി ആരംഭിക്കുന്നതും. ഭരണസമിതിയുടെ ഭാഗത്തുനിന്ന് പ്രവൃത്തികളിന്മേൽ യാതൊരുവിധ തുടർനിരീക്ഷണവും നിർവഹണഘട്ടങ്ങളിലും, പൂർത്തീകരിച്ചശേഷം തുടർ പ്രവർത്തനങ്ങളിലും ഉണ്ടാകുന്നില്ല.

അത്യാവശ്യമായ പ്രോജക്ടുകളാണ് ഏറ്റടുക്കുന്നതെന്നും ഏറ്റെടുക്കുന്ന എല്ലാ പ്രോജക്ടുകളും നടപ്പാക്കുന്നുവെന്നും ഉറപ്പുവരുത്തുന്നതിന് നിർവഹണോദ്യോഗസ്ഥൻ, സ്റ്റാന്റിംഗ് കമ്മിറ്റി, പഞ്ചായത്ത് ഭരണസമിതി എന്നിവർ ഉറപ്പുവരുത്തേണ്ടതാണ്. ഫണ്ടുകൾ വീതംവച്ച് നിരവധി ചെറിയ പ്രോജക്ടുകൾ ഉണ്ടാക്കുന്നതിന് പകരം കൂടുതൽ മുതൽമുടക്കുള്ള ബൃഹദ് പ്രോജക്ടുകളേറ്റെടുത്ത്, ഏറ്റെടുക്കുന്ന പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള ഇച്ഛാശക്തിയാണ് സമഗ്രവികസനത്തെ സഹായിക്കുന്നത്.

എന്നിരിക്കിലും നടപ്പിലാക്കിയ പ്രോജക്ടുകൾ ബ്ലോക്ക്പഞ്ചായത്തിലെ ജനങ്ങളുടെ സാമ്പത്തികവളർച്ച , സാമൂഹ്യനീതിവ്യവസ്ഥ തുടങ്ങിയവയ്ക്ക് ഒരുപരിധിവരെ ഉത്തേജനമായിട്ടുണ്ട്. ദീർഘവീക്ഷണത്തോടെ , പഞ്ചായത്തിന്റെ സമഗ്രപുരോഗതിയെ ലക്ഷ്യമാക്കി പ്രായോഗികസമീപനത്തോടെ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും സമയബന്ധിതമായി നടപ്പാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-4 ആഭ്യന്തരനിയന്ത്രണം.

ബ്ലോക്ക്പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്നാണ് ഓഡിറ്റിൽ വ്യക്തമാകുന്നത്. പഞ്ചായത്ത് സംവിധാനത്തിന്റെ എല്ലാതലങ്ങളിലും കാര്യക്ഷമമായ ആഭ്യന്തരനിയന്ത്രണം സാധിച്ചിരുന്നില്ല. ഭരണസമിതി ഉദ്യോഗസ്ഥതലത്തിൽ ഏകോപനം കൂടുതൽ മെച്ചപ്പടേണ്ടതുണ്ട്. ജീവനക്കാരുടെ വിവരങ്ങൾ ചേർത്ത് പരിപാലിക്കേണ്ട ഇൻകുംബന്റ് രജിസ്റ്റർ യഥാസമയം കാലികമാക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്ററിൽ അവശ്യവിവരങ്ങൾ ചേർത്ത് പൂർത്തിയാക്കുന്നില്ല. വാർഷിക പദ്ധതി രൂപീകരണ, നിർവഹണ പ്രവർത്തനങ്ങൾ യഥാർത്ഥവിവരശേഖരങ്ങളുടെ അടിസ്ഥാനത്തിലല്ല നടക്കുന്നത്. നിർവഹണങ്ങളിൽ മതിയായ നിയന്ത്രണങ്ങൾ, മേൽനോട്ടങ്ങൾ എന്നിവ ഉണ്ടാകുന്നില്ല. പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിലും ഏറ്റെടുത്ത പ്രോജക്ടുകൾ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിലും മതിയായ നിഷ്കർഷ പുലർത്തിയിരുന്നില്ല. സ്ഥാപനത്തിന്റെ പ്രവർത്തനനിലവാരം വർദ്ധിപ്പിക്കാനുതകും വിധം ആഭ്യന്തരനിയന്ത്രണം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ഭരണസമിതിയുടെ ഉദ്യോഗസ്ഥരുടെയും ഏകോപിത പ്രയത്നം ആവശ്യമാണ്.

## 1-5 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15-11-2019 ൽ 3.30 പി.എം.-ന് സെക്രട്ടറി ശ്രീ.എൻ.രാജേഷിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ കാഷ് നീക്കിയിരിപ്പ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 2016-17 | 2016-17 | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2014-15 | 2009/10 - 2013-14 | No.LBA(HQ)II/8A-2177/14-15/173/04-08-2014 |

## 1-7 വാർഷിക കണക്കുകളുടെ അവലോകനം

2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 26.07.2011-ലെ ജി.ഒ.(എം.എസ്) 152/11/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം ആസ്തികളുടെ വർഗ്ഗീകരണവും അക്കൗണ്ടിങ്ങും പൂർത്തിയായിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി തയ്യാറാക്കിയിട്ടില്ല.
2. തനത് ഫണ്ട് ബാങ്ക് അക്കൗണ്ടിൽ നിന്നും നൽകിയ ചെക്കുകളിൽ നിശ്ചിത കാലാവധിക്കുള്ളിൽ പണമാക്കി മാറ്റാത്ത ഒരു ചെക്കിന്റെ മൂല്യം Liability in Respect of Stale Cheques എന്ന ശീർഷകത്തിലേക്ക് ക്രമീകരിച്ചിട്ടില്ല.
3. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബി7, ബി18 എന്നീ ഷെഡ്യൂളുകളിലെ തുകയുടെ കൃത്യത പരിശോധിയ്ക്കാൻ സാധിച്ചിട്ടില്ല.
4. Capital work in progress എന്ന ശീർഷകത്തിൽ 25,15,354/-രൂപ രേഖപ്പെടുത്തിയതിന്റെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല.
5. വാടക രജിസ്റ്ററിലെ വിവരങ്ങളുമായി ധനകാര്യപത്രികയിലെ വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല.
6. സാംഖ്യ സോഫ്റ്റ്വെയറിലെ ലെഡ്ജറുകൾ പരിശോധിച്ചതിൽ ആവശ്യമായ വിശദാംശങ്ങളുടെ അഭാവത്തിൽ താഴെപ്പറയുന്ന അക്കൗണ്ടിംഗ് ഇടപാടുകളുടെ കൃത്യത ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടില്ല.

| തീയതി | ശീർഷകം | | തുക | വൗച്ചർ നം. |
|---|---|---|---|---|
| 31.3.2019 | 320700204 | Contribution for joint venture projects for revenue expenditure- from Block Panchayat | 13364333 (Transfer to income) | 41800037 |
| 31.3.2019 | 320700204 | Contribution for joint venture projects for revenue expenditure- from Block Panchayat | 4345342 (correction) | 41800038 |
| 31.3.2019 | 320300199 | Grants, funds & contributions for specific purposes- other Govt. Agencies | 4524109 | - |

സംയുക്ത പ്രോജക്ട് വരവുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ കൃത്യമാക്കി സൂക്ഷിക്കാത്തതിനാൽ ഗ്രാമ, ജില്ലാ പഞ്ചായത്ത് വിഹിതങ്ങളുടെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല. വാർഷിക കണക്കുകൾ പ്രകാരം 5,50,687/- രൂപയാണ് ഗ്രാമപഞ്ചായത്ത് വിഹിതമായി തൻവർഷം ലഭിച്ചിട്ടുള്ളത്. 6,50,687/- രൂപയാണ് യഥാർത്ഥ വരവ്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്. അപാകതകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-8 ഐ.എ.വൈ പ്ലാൻ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക സർക്കാരിലേക്ക് അടയ്ക്കേണ്ടതാണ്.

2018-19 വർഷത്തിൽ ഭവനനിർമ്മാണപൂർത്തീകരണത്തിനായി അവശേഷിച്ചിരുന്ന എല്ലാ ഐഎവൈ

വീട്ടുകളും പൂർത്തീകരിച്ചിട്ടുണ്ട്. പി.എം.എ.വൈ പദ്ധതി പ്രകാരം ഭവനനിർമ്മാണത്തിന് കരാറിലേർപ്പെട്ട 50 ഗുണഭോക്താക്കളിൽ ഒരാൾ മാത്രമേ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നുള്ളൂ. എന്നാൽ ഐ.എ.വൈ/പി.എം.എ.വൈ പ്ലാൻ അക്കൗണ്ട് സൂക്ഷിക്കുന്ന ബാങ്ക് ഓഫ് ബറോഡ, കാഞ്ഞിരപ്പള്ളി (അക്കൗണ്ട് നം - 25010100002384) അക്കൗണ്ടിൽ 2018-19 വർഷാവസാനം 3,44,33,749/- രൂപ നീക്കിയിരിപ്പുണ്ട്. അക്കൗണ്ടിന്റെ നീക്കിയിരിപ്പ് പരിശോധിച്ച് പ്ലാൻഫണ്ടിനത്തിൽ അവശേഷിക്കുന്ന തുക സർക്കാരിലേയ്ക്ക് തിരികെ അടവാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# 1-9 ഇ-ടെണ്ടർ ഫീസുകൾ ലഭ്യമായില്ല.

ബ്ലോക്ക് പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ നിർവ്വഹണോദ്യോഗസ്ഥരായി 2018-19 വർഷം നടപ്പാക്കിയ പൊതുമരാമത്ത് പ്രവൃത്തികൾ ഭൂരിഭാഗവും ഇ-ടെണ്ടർ മുഖേനയാണ് നടപ്പാക്കിയത്. ഇ-ടെണ്ടറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കി വരുന്നത് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലാണ്. ഇ-ടെണ്ടർ ഫീസ് തുകകൾ ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ട് വരുമാനമാണ്. 2018-19 വർഷം കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിലെ ഇ-ടെൻഡറുകളുടെ ഫീസിനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭ്യമായ തുകകൾ ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ തിരികെ ലഭിച്ചതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15/19-11-19) മറുപടി ലഭിച്ചില്ല. തുടർനടപടി സ്വീകരിക്കുന്നതാണെന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 19-11-19 ലെ എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചു. ടെൻഡർ ഫീസിനത്തിൽ ലഭിക്കാനുള്ള തുകകളുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ സഹിതം എക്സിക്യൂട്ടീവ് എഞ്ചിനീയറെ അറിയിച്ച് ലഭിക്കാനുള്ള മുഴുവൻ തുകയും ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# 1-10 മരാമത്ത് പ്രവൃത്തികൾക്കുള്ള ഫണ്ട് അസി.എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് കൈമാറുന്നത് -അക്കൗണ്ട് രേഖകൾ ലഭ്യമാക്കിയില്ല.

സംയുക്ത പ്രോജക്കുകൾക്കായി വിവിധ തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുന്ന തുക ബ്ലോക്ക് പഞ്ചായത്തിന്റെ 7990114000038886 എന്ന ടിഎസ്ബി അക്കൗണ്ടിൽ നിക്ഷേപിക്കുകയും അസി.എഞ്ചിനീയറുടെ റിക്വിസിഷന്റെ അടിസ്ഥാനത്തിൽ എസ്.ബി.ഐ പൊൻകുന്നം ശാഖയിലെ 37579532115 എന്ന അക്കൗണ്ടിലേയ്ക്ക് കൈമാറുകയുമാണ് ചെയ്തു വരുന്നത്. ടി അക്കൗണ്ടിന്റെ പാസ്ബുക്ക് , നീക്കിയിരിപ്പ് വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 13/19-11-19 ന് മറുപടി ലഭ്യമായില്ല. ആയതിനാൽ അക്കൗണ്ടിലെ വിനിമയങ്ങളുടെ കൃത്യത ഉറപ്പാക്കാനായില്ല. അക്കൗണ്ട് വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

# 1-11 ദിവസ വേതന വ്യവസ്ഥയിലുള്ള ഡ്രൈവർക്ക് അധിക നിരക്കിൽ ദിനബത്ത അനുവദിച്ചത്.

പ്രസിഡണ്ടിന്റെ ഔദ്യോഗിക വാഹനമായ KL-34B6270 നമ്പർ കാറിന്റെ ദിവസവേതന വ്യവസ്ഥയിൽ നിയമിതനായ ഡ്രൈവർ ശ്രീ. ബിനോയ് ജോസഫിന് 1-6-18 മുതൽ 25-01-19 വരെയുള്ള കാലയളവിൽ ജില്ലയ്ക്കുള്ളിൽ പന്ത്രണ്ട് മണിക്കൂറിൽ താഴെ നടത്തുന്ന യാത്രകൾക്കും ആകസ്മിക ചെലവിനു പുറമെ മുഴുവൻ ദിനബത്തയും അനുവദിച്ചതായി കാണുന്നു. ഇപ്രകാരം 1-6-18 മുതൽ 25-01-19 വരെയുള്ള കാലയളവിൽ 44 ദിവസത്തെ യാത്രകൾക്ക് മുഴുവൻ ദിനബത്തയായ 250/- രൂപയും അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എ) <u>അധിക നിരക്കിൽ നൽകിയത്</u>

| 1-6-18 മുതൽ 25-01-19 വരെയുള്ള ആകെ ഔദ്യോഗിക യാത്രകൾ | ഒരു യാത്രയ്ക്ക് അനുവദിച്ച ദിനബത്ത | അനുവദിക്കാമായിരുന്നത് | അധികം നൽകിയത് |
|---|---|---|---|
| 44 | 250x44 = 11000 | 125 x 44 = 5500 | 5500 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (14/19-11-19)യ്ക്ക് മറുപടി ലഭ്യമാക്കിയില്ല. ദിനബത്ത സംബന്ധിച്ചുള്ള സർക്കുലർ നം.31/88/ധന/10.05.1988, കെഎസ്ആർ പാർട്ട 2 ചട്ടം 110 എന്നിവ കൃത്യമായി പാലിക്കുവാനും ഭാവിയിൽ അപാകതകൾ ആവർത്തിക്കാതിരിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

# 1-12 ദിവസ വേതനത്തിൽ ഡേറ്റാ എൻട്രി ഓപ്പറേറ്റർ നിയമനം - നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ ടൈപ്പിസ്റ്റിന്റെ ഒരു തസ്തിക മാത്രമാണുള്ളത്. ടി തസ്തികയിൽ ജീവനക്കാരൻ ഉണ്ടായിരിക്കെ തന്നെ 2018-19 വർഷം ദിവസവേതനത്തിന് ആളെ നിയമിച്ച് വേതനം നൽകിയിട്ടുണ്ട്. ടൈപ്പിസ്റ്റ് ആകസ്മികാവധിയിലായിരിക്കുമ്പോഴും, മറ്റ് സെക്ഷനുകളിൽ ഡേറ്റാ എൻട്രി വർക്കുകൾ ചെയ്യാൻ പ്രായോഗിക ബുദ്ധിമുട്ട് നേരിടുമ്പോഴും ശ്രീമതി ഗിരിജാ ഗോപാൽ, മാത്തിൽ, പനച്ചേപ്പള്ളി എന്ന ആളെ ദിവസവേതനത്തിൽ നിയമിക്കുന്നതായി കാണുന്നു. ഇപ്രകാരം ദിവസ വേതന വ്യവസ്ഥയിൽ ജീവനക്കാരെ നിയമിക്കുമ്പോൾ സർക്കാരിൽ നിന്നും മുൻകൂർ അനുമതി ലഭ്യമായിരിക്കേണ്ടതാണ് എന്നിരിക്കെ മാനദണ്ഡങ്ങൾ പാലിക്കാതെയാണ് ബ്ലോക്ക് പഞ്ചായത്തിൽ നിയമനം നല്കിയിരിക്കുന്നത്. 2018-19 ൽ ടിയാൾക്ക് നൽകിയിരിക്കുന്ന വേതന വിവരം ചുവടെ ചേർക്കുന്നു

| ചെക്ക് നം./ തീയതി | തുക | റിമാർക്ക്സ് |
|---|---|---|
| 1178626/04-04-18 | 14200 | ജനുവരി - മാർച്ച് 18 – 20 ദിവസം |
| 1178643/02-06-18 | 17040 | PMAY ഡേറ്റാ എൻട്രി- 24 ദിവസം |
| 1178654/26-06-18 | 17750 | PMAY ഡേറ്റാ എൻട്രി-05/18 – 25 ദിവസം |
| 1178673/13-08-18 | 18125 | PMAY ഡേറ്റാ എൻട്രി-07/18 – 25 ദിവസം |
| 577662/25-01-19 | 7975 | നവംബർ, ഡിസംബർ /18- 11 ദിവസം |
| 577677/13-03-19 | 725 | 27-12- 18 – 1 ദിവസം |
| 577689/30-03-19 | 2175 | 22/3/19,28/03/19,29/03/19. പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങളുടെ മിനിട്ട്സ് സകർമ്മയിൽ ചേർക്കൽ |

ദിവസ വേതനാടിസ്ഥാനത്തിൽ ഇപ്രകാരം ജീവനക്കാരിയെ നിയമിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/19-11-19) മറുപടി ലഭ്യമായില്ല. ദിവസ വേതന വ്യവസ്ഥയിലുള്ള

ജീവനക്കാരെ നിയമിക്കുന്നതിനുള്ള സർക്കാർ ഉത്തരവുകൾ പാലിച്ച് നിയമനം നടത്താൻ സെക്രട്ടറി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-13 വയോജനങ്ങൾക്ക് കേൾവിശക്തി പരിശോധനാ ക്യാമ്പും ഇയർഫോൺ വിതരണവും-ഇയർഫോൺ വിതരണം ചെയ്തില്ല.

എരുമേലി സി.എച്ച്.സി.യിലെ മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി വയോജനങ്ങൾക്ക് കേൾവിശക്തി പരിശോധനാ ക്യാമ്പും ഇയർഫോൺ വിതരണവും എന്ന പ്രോജക്ട് പൊതുവിഭാഗം, എസ്.സി.പി, ടി.എസ്.പി വിഭാഗങ്ങൾക്ക് നടപ്പിലാക്കിയതിൻ പ്രകാരം കെൽട്രോണിൽ നിന്ന് ചുവടെ ചേർക്കുന്ന ഇൻവോയ്സുകൾ പ്രകാരം 6,500/- രൂപ നിരക്കിൽ ഇയർ ഫോൺ വാങ്ങിയിട്ടുണ്ട്. (പ്രോജക്ട് നം.103/19,(പൊതുവിഭാഗം), 229/19 (എസ്.സി.പി), 230/19(ടി.എസ്.പി)).

| ക്രമ നം. | ഇൻവോയ്സ് നം./ തീയതി | ഇയർഫോണുകളുടെ എണ്ണം | തുക | ട്രഷറി ബിൽ / തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | 369/27-12-18 | 86 | 559000. | 4/18-19/28-12-18<br>559000 | ജനറൽ |
| 2 | 370/27-12-18 | 9 | 58500 | 5/28-12-18<br>58500 | SCP |
| 3 | 371/27-12-18 | 2 | 13000 | 6/18-19/28-12-18<br>13000 | TSP |
| 4 | 561/15-3-19 | 17 | 110500 | 7/18-19/15-3-19<br>131500 | SCP |
| 5 | 562/15-3-19 | 6 | 39000 | 8/18-19/15-3-19<br>43700 | TSP |
| ആകെ | | 120 | 780000 | | |

കേൾവി പരിശോധന ക്യാമ്പിന്റെയുൾപ്പെടെ പൊതുവിഭാഗം പ്രോജക്ടിന് 606940/- രൂപയും, എസ്.സി.പി. പ്രോജക്ടിന് 190000/- രൂപയും, ടി.എസ്.പി. പ്രോജക്ടിന് 56700/- രൂപയും വീതം വികസനഫണ്ട് ചെലവഴിച്ചിട്ടുണ്ട്.

പരിശോധനയ്ക്ക് ലഭ്യമാക്കിയ ഗുണഭോക്തൃലിസ്റ്റ് പ്രകാരം ആകെ 97 ഗുണഭോക്താക്കളാണ് ഉള്ളത്. അതായത് ജനറൽ വിഭാഗം - 86, എസ്.സി വിഭാഗം-9, എസ്.ടി വിഭാഗം 2 എന്നിങ്ങനെ 86 പേർ. മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയതു പ്രകാരം ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതും ഇപ്രകാരം 97 പേരുടെ പട്ടികയാണ്.

ശ്രവണസഹായി വിതരണത്തിന്റെ പട്ടിക ഓഡിറ്റിന് ലഭ്യമാക്കിയതിൻ പ്രകാരം ആകെ 79 പേർ മാത്രമാണ് ശ്രവണസഹായി കൈപ്പറ്റിയത്. അപാകത സംബന്ധിച്ച് 3/18-11-2019 ആയി ഓഡിറ്റ് എൻക്വയറി നല്കുകയുണ്ടായി. ഇതിനുള്ള മറുപടിക്കൊപ്പം ട്രൈബൽ മേഖലയിൽ മാത്രമായി 22/2/19ൽ നടത്തിയ മെഡിക്കൽ ക്യാമ്പിൽ തെരഞ്ഞെടുക്കപ്പെട്ട 23 ഗുണഭോക്താക്കളെ കൂടി (എസ്.സി.17, എസ്.ടി 6) ഉൾപ്പെടുത്തിയാണ് (97+23=120) 120 പേർക്കുള്ള ശ്രവണസഹായി വാങ്ങിയതെന്ന് അറിയിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത ലിസ്റ്റ് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതിന്റെ രേഖകൾ ഇല്ല. മാത്രമല്ല 23

പേരിൽ 8 പേർ മാത്രമാണ് ഉപകരണം കൈപ്പറ്റിയതും. അതായത് ആകെ വാങ്ങിയ 120 ശ്രുവണസഹായികളിൽ 87 എണ്ണം മാത്രമാണ് നാളിതുവരെ ഗുണഭോക്താക്കൾക്ക് നല്കിയത്. 33 ശ്രുവണസഹായികൾ വിതരണം ചെയ്യാതെ അവശേഷിക്കുന്നു. കൂടാതെ ശ്രുവണസഹായി കൈപ്പറ്റിയവരുടെ പട്ടികയിൽ തങ്കപ്പൻ, ആശാരിപ്പറമ്പിൽ, പാറത്തോട്, പുളിമുക്ക് എന്ന വ്യക്തി ശ്രുവണസഹായി 2 തവണ കൈപ്പറ്റിയതായി ചേർത്തിരിക്കുന്നു. 2018-19വർഷ പ്രോജക്ട് പ്രകാരം വാങ്ങിയ ഉപകരണങ്ങൾ നാളിതുവരെ തെരഞ്ഞടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് കൈമാറിയില്ലയെന്നത് നിർവഹണ ഉദ്യോഗസ്ഥന്റെയും, പ്രോജക്ട് മോണിട്ടറിംഗിന്റെ ഉത്തരവാദിത്തമുള്ള വർക്കിംഗ് ഗ്രൂപ്പിന്റെയും, ഭരണസമിതിയുടെയും ചുമതലാ നിർവഹണത്തിലെ വീഴ്ചയായി കാണുന്നു.

പരിശോധന നടത്തി വാങ്ങിയ ഉപകരണങ്ങൾ യഥാർത്ഥ ഗുണഭോക്താവിനല്ലാതെ മറ്റാർക്കും അനുയോജ്യമല്ലാത്ത സാഹചര്യത്തിൽ വിതരണം ചെയ്യാതെ അവശേഷിക്കുന്ന 33 ശ്രുവണസഹായികൾ നിലവിൽ ഉപയോഗശൂന്യമായിരിക്കുന്നു. പ്രോജക്ട് നിർവഹണം ഫലപ്രാപ്തിയിലെത്തിയില്ലെന്നു മാത്രമല്ല പൊതുപണത്തിന്റെ പാഴ്ച്ചെലവിനും കാരണമായിരിക്കുന്നു.

ഉപയോഗയോഗ്യമല്ലാതായ 33 ശ്രുവണസഹായികളുടെ വിലയായ 33 x 6500 = 214500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഒരേ വ്യക്തിക്ക് രണ്ട് തവണ ഉപകരണം വിതരണം ചെയ്തതിലൂടെ അധികമായി നല്കിയ 6500/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. 6500/- രൂപ നിർവഹണ ഉദ്യോഗസ്ഥയായ മെഡിക്കൽ ഓഫീസറിൽ നിന്ന് ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

(ട്രഷറി ബിൽ നം.5/18-19/28-12-18, 6/18-19/27-12-18, 4/18-19/26-11-18, 7/18-19/22-3-19, 8/18-19/ 23-3-19 പ്രകാരം കെൽട്രോണിന് ശ്രുവണ സഹായിയുടെ വില നല്കി).

# 1-14 പ്രോ.നം.151/19,വൃദ്ധജനങ്ങൾക്കായി നേത്രപരിശോധനാക്യാമ്പും കണ്ണടവിതരണവും-പ്രോജക്റ്റ് നിർവഹണത്തിലെ അപാകതകൾ.

സ്പിൽഓവറായി നടപ്പാക്കിയ ഈ പ്രോജക്ടിനായി വികസനഫണ്ട് 352400/- രൂപ ചെലവഴിച്ചിട്ടുണ്ട്. നേത്രപരിശോധനക്യാമ്പ്, കണ്ണട വിതരണം, അനുബന്ധചെലവുകൾ ഉൾപ്പെടെയുള്ളതാണ് പ്രസ്തുത ചെലവ്.

ടി പ്രോജക്ടിന്റെ ഗുണഭോക്തൃലിസ്റ്റ് ഓഡിറ്റിന് ലഭ്യമാക്കിയത് പ്രകാരം 385 പേരാണ് ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നത്. കണ്ണട വിതരണത്തിന്റെ ലിസ്റ്റ് പ്രകാരം 304 പേർ കണ്ണട കൈപ്പറ്റിയതായാണ് കാണുന്നത്. ഈ ലിസ്റ്റുകളൊന്നും തന്നെ മെഡിക്കൽ ഓഫീസറോ മറ്റ് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരോ, ബ്ലോക്ക് പഞ്ചായത്തോ ഔദ്യോഗികമുദ്രകൾ വച്ച് ആധികാരികമാക്കിയവയല്ല.

കണ്ണടകൾ വാങ്ങിയിട്ടുള്ളത് വിസ്മയ ഒപ്റ്റിക്കൽസ് എരുമേലി എന്ന സ്ഥാപനത്തിൽ നിന്നാണ്. സ്ഥാപനത്തിന്റെ 30-9-2018 ലെ 054 നം. ബില്ല് പ്രകാരം 164 കണ്ണടകൾക്കായി 1,14,800/- രൂപയും ബിൽനം.055/5-10-18 പ്രകാരം 150 എണ്ണത്തിന് 1,05,000/- രൂപയും, 21-11-2018ലെ ബിൽ 057 പ്രകാരം 71 എണ്ണത്തിന് 49,700/- രൂപയും ഉൾപ്പെടെ 385 കണ്ണടകൾക്കായി 700/- രൂപ നിരക്കിൽ 2,69,500/- രൂപ ചെലവഴിച്ചിട്ടുണ്ട്.

എന്നാൽ ഹാജരാക്കിയ രേഖകൾ പ്രകാരം വിതരണം നടത്തിയത് 304 മാത്രമാണ്. 385 കണ്ണടകൾ വാങ്ങിയതിൽ 304 എണ്ണം മാത്രം വിതരണം നടത്തിയതിലൂടെ 81 കണ്ണടകൾ ഗുണഭോക്താക്കൾക്ക് നല്കാതെ അവശേഷിക്കുന്നു. നേത്രപരിശോധനയിലൂടെ വാങ്ങിയ കണ്ണടകൾ അസ്സൽ ഗുണഭോക്താവിനല്ലാതെ മറ്റാർക്കും അനുയോജ്യമാവാത്തതിനാലും, വിതരണത്തിലെ കാലവിളംബം മൂലം അസ്സൽ ഗുണഭോക്താക്കളുടെ പോലും കണ്ണുകളുടെ ശേഷി വ്യത്യാസപ്പെടാൻ സാദ്ധ്യതയുണ്ടെന്നിരിക്കെ

2018-19ൽ വാങ്ങിയ കണ്ണടകൾ വിതരണം ചെയ്യാതെ അവശേഷിക്കുന്നതിലൂടെ സർക്കാർ പണത്തിന്റെ പാഴ്ചെലവ് ഉണ്ടായിട്ടുള്ളതായി കാണുന്നു. പ്രോജക്ടിന്റെ ലക്ഷ്യപ്രാപ്തി സാധ്യമാകാതെ വന്നതും, പൊതുപണത്തിന്റെ പാഴ്ചെലവും നിർവഹണ ഉദ്യോഗസ്ഥന്റെയും, പ്രോജക്ട് മോണിട്ടറിംഗിന്റെ ഉത്തരവാദിത്തമുള്ള വർക്കിംഗ് ഗ്രൂപ്പിന്റെയും, ഭരണസമിതിയുടെയും ചുമതലാനിർവഹണത്തിലെ വീഴ്ചമൂലമാണ്.

ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാത്ത 81 കണ്ണടകളുടെ വിലയായ 56700/- രൂപയുടെ ചെലവ് (81x 700 ) തടസ്സപ്പെടുത്തുന്നു. (യഥാക്രമം ട്രഷറിബിൽ നം.1/18-19/23-10-18 തുക 2,73,600/-, ബിൽ നം. 2/18-19/ 26-11-18 തുക 78,800/-). മതിയായ വിശദീകരണവും, ഉപകരണങ്ങളുടെ കൃത്യമായ വിതരണവും സാധ്യമാകാത്തപക്ഷം ചെലവ് തുക നിരാകരിക്കുന്നതാണ്.

# 1-15 പഠനമുറി - പൂർത്തിയായില്ല

പട്ടികജാതി വികസന ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പട്ടികജാതിയിൽപെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം എന്ന പ്രോജക്ട് പ്രകാരം (നം. 037/19) തുക കൈപ്പറ്റിയ ജിത്തു ബാബു, നായ്ക്കാംമോടിയിൽ, ഊരയ്ക്കനാട്, മുണ്ടക്കയം എന്ന കുട്ടിയുടെ പഠനമുറിനിർമാണം പൂർത്തീകരിച്ചിട്ടില്ല.

ട്രഷറി ബിൽ നം.8/18-19/21-12-18 പ്രകാരം 50000/- രൂപയും, ട്രഷറി ബിൽ നം.12/18-19/20-2-19 പ്രകാരം 32750/- രൂപയുമുൾപ്പെടെ ആകെ 82750/- രൂപയാണ് ഈ വിദ്യാർത്ഥിക്ക് അനുവദിച്ചിട്ടുള്ളത്. പഠനമുറി നിർമാണം പൂർത്തീകരിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

# 1-16 പട്ടികജാതി സ്കൂൾ വിദ്യാർത്ഥികൾക്ക് തായ്ക്കോണ്ടാ പരിശീലനം -മാർഗ്ഗരേഖയിലില്ലാത്ത പ്രോജക്ട് നടപ്പിലാക്കി

സെക്രട്ടറി നടപ്പിലാക്കിയ പട്ടികജാതി സ്കൂൾ വിദ്യാർത്ഥികൾക്ക് തായ്ക്കോണ്ടാ പരിശീലനം എന്ന സ്പിൽ ഓവർ പ്രോജക്ടിന്റെ നടത്തിപ്പിനായി തൻവർഷം ₹1,55,000/- ചെലവഴിച്ചിട്ടുണ്ട്. 29.03.2017 ലെ സ.ഉ (അച്ചടി) 72/17/തസ്വഭവ പ്രകാരമുള്ള 2017-18 പദ്ധതി മാർഗ്ഗരേഖയിലും 03.04.2017ലെ സ.ഉ (അച്ചടി)72/17/തസ്വഭവ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള സബ്സിഡി മാർഗ്ഗരേഖയിലും ബ്ലോക്ക് പഞ്ചായത്തുകൾക്ക് ടി പ്രോജക്ട് ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടില്ലാത്തതാണ്.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.12 തീയതി :19.11.2019) മറുപടി ലഭിച്ചിട്ടില്ല. പെൺകുട്ടികൾക്ക് പ്രതിരോധ പരിശീലനം നൽകുന്നതിന് ഫണ്ട് വിനിയോഗ അനുമതി നൽകിയുള്ള 24.02.2014 ലെ സ.ഉ (സാധാ) 499/14/തസ്വഭവ നമ്പർ ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്ക് അയച്ച് തന്നിട്ടുണ്ട്. എന്നാൽ, 2017-18 പദ്ധതി മാർഗ്ഗരേഖയും സബ്സിഡി മാർഗ്ഗരേഖയും നിലവിൽ വന്നപ്പോൾ 2014 ലെ സർക്കാർ ഉത്തരവ് നിലനിൽക്കുന്നതാണോ എന്ന് പരിശോധിക്കേണ്ടതാണ്.

# 1-17 ഐ.എസ്.ഒ സർട്ടിഫിക്കറ്റ് നേടുന്നതിന് അടിസ്ഥാന സൗകര്യമൊരുക്കൽ-നിർദ്ദിഷ്ട ഇനം ഇലക്ട്രിക്കൽ ഐറ്റംസ് ഫിറ്റ് ചെയ്തിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| അടങ്കൽ | 13,50,000/- |

ചെലവ് 12,17,357/-

ബിൽ നം. 98/18-19 - 1,24,327/-

ബ്ലോക്ക് പഞ്ചായത്ത് ജനസൗഹൃദമാക്കി ഐ.എസ്.ഒ സർട്ടിഫിക്കറ്റ് നേടുന്നതിന് വേണ്ടി അടിസ്ഥാന സൗകര്യ വികസനം (പ്രോജക്ട് നം.27/19) എന്ന പ്രോജക്ടിന്റെ ഭാഗമായി ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ ഇലക്ട്രിഫിക്കേഷനും നടത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയ്ക്ക് ഡി.എൽ.റ്റി.സി. തയ്യാറാക്കിയ എസ്റ്റിമേറ്റിലും വാല്യുവേഷനിലും ഉൾപ്പെടുത്തിയിട്ടുള്ളത് 900/- രൂപ വീതം വിലയുള്ള 30 ജഗ്വാർ മേക്ക് എൽ.ഇ.ഡി റ്റ്യൂബ് ഫിറ്റിംഗ് ആണ് എങ്കിലും ബജാജ് /CEMA റ്റ്യൂബ് ലൈറ്റുകളാണ് കെട്ടിടത്തിൽ ഫിറ്റ് ചെയ്തിട്ടുള്ളതായി കാണുന്നത്. എസ്റ്റിമേറ്റ് പ്രകാരമുള്ള സ്പെസിഫിക്കേഷൻ ഉള്ള ഉപകരണങ്ങൾ ഫിറ്റ് ചെയ്യുന്നതിനാണ് കരാറിലേർപ്പെട്ടിട്ടുള്ളത്. എന്നാൽ എസ്റ്റിമേറ്റിലും അളവ് പുസ്തകത്തിലും രേഖപ്പെടുത്തിയ എൽ.ഇ.ഡി റ്റ്യൂബ് അല്ല കെട്ടിടത്തിൽ സ്ഥാപിച്ചിട്ടുള്ളത് എന്നതിനാൽ ടി ഇനത്തിലെ 27,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. കൂടാതെ, ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികളിൽ ഉൾപ്പെട്ട മറ്റിനങ്ങളും എസ്റ്റിമേറ്റ്/ എം ബുക്ക് പ്രകാരമുള്ളതാണ് എന്നുറപ്പാക്കേണ്ടതും മാറ്റങ്ങളുണ്ടെങ്കിൽ അപാകത പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-18 സമാഹരണ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ 08.11.2010 ലെ ജി.ഒ (പി) 259/2010/ത.സ്വ.ഭ.വ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയും ബാധകമായ നടപടിക്രമമനുസരിച്ച് സമാഹരണ നടപടി ആരംഭിക്കുകയും ചെയ്യണമെന്നും ഓഫീസ് ഉപകരണം, ഫർണിച്ചർ എന്നിവ വാർഷിക ആവശ്യം മുൻനിർത്തി മതിയായ എണ്ണം കണക്കാക്കി ഒന്നിച്ച് വാങ്ങണമെന്നുമാണ് മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളത്. ഒരേ ഇനം സാധനങ്ങൾ (കമ്പ്യൂട്ടർ, ഫർണിച്ചറുകൾ, മൈക്ക് സെറ്റ് തുടങ്ങിയ) ബ്ലോക്ക് പഞ്ചായത്തിനും കൈമാറി കിട്ടിയ സ്ഥാപനങ്ങൾക്കും കർഷക സംഘങ്ങൾക്കും അങ്കണവാടികൾക്കും സാംസ്കാരിക നിലയങ്ങൾക്കുമെല്ലാം വേണ്ടി സമാഹരിച്ചിട്ടുള്ളത് പ്രത്യേകം പ്രത്യേകം പ്രോജക്ടുകൾ തയ്യാറാക്കിയാണ്. മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം സമാഹരണ നടപടികൾ സ്വീകരിച്ചിരുന്നെങ്കിൽ പത്ര പരസ്യങ്ങൾക്ക് ചെലവഴിക്കുന്ന തുകകളിലുൾപ്പെടെ സാമ്പത്തിക മിതത്വം കൈവരിക്കുന്നതിനും പരമാവധി മത്സരാധിഷ്ഠിത സ്വഭാവം ഉറപ്പാക്കുവാനും സാധിക്കുമായിരുന്നു. അതുപോലെ, ടെണ്ടർ ഫോറത്തിന്റെ വില്പനയ്ക്കും സമർപ്പണത്തിനും പരസ്യ തീയതി മുതൽ 21 ദിവസം നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും പല സംഗതികളിലും ഈ സമയക്രമം പാലിച്ചിട്ടില്ല എന്ന് കാണുന്നു. പ്രത്യേകിച്ചും സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിൽ 7 ദിവസങ്ങൾ മാത്രമാണ് ടെണ്ടർ ഫോറത്തിന്റെ വില്പനയ്ക്കും സമർപ്പണത്തിനുമായി നൽകിയിട്ടുള്ളത്. ഇത് മൂലം സമാഹരണ നടപടികളിൽ അവശ്യം വേണ്ട കാര്യക്ഷമതയും സുതാര്യതയും കൈവരിയ്ക്കുന്നതിന് സാധിക്കാത്ത സാഹചര്യമുണ്ടാവുന്നു. ആയതിനാൽ, വാങ്ങൽ പ്രക്രിയകളിൽ സമാഹരണ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-19 വിവിധ പ്രോജക്ടുകൾ പ്രകാരം വാങ്ങിയ ഉപകരണങ്ങൾ നിഷ്ക്രിയമായി അവശേഷിക്കുന്നു

സെക്രട്ടറി നടപ്പിലാക്കിയ വിവിധ പ്രോജക്ടുകളുമായി ബന്ധപ്പെട്ട സ്ഥല പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

(എ) ചോറ്റി വനിതാ തൊഴിൽ പരിശീലന കേന്ദ്രം - ജനറേറ്റർ സ്ഥാപിയ്ക്കൽ

പ്രോജക്ട് നം. 163/19 പ്രകാരം 4,73,201/- രൂപ ചെലവഴിച്ച് ചോറ്റി വനിതാ തൊഴിൽ പരിശീലന കേന്ദ്രത്തിൽ 15 കെ.വി.എ ജനറേറ്റർ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ, 2018 ഏപ്രിൽ മാസത്തിൽ സ്ഥാപിച്ച ടി ജനറേറ്റർ ഇതേവരെ ഉപയോഗിച്ചിട്ടില്ല എന്നാണ് സ്ഥലപരിശോധനയിൽ മനസ്സിലാക്കാൻ കഴിഞ്ഞത്.

(ബി)<u>ഗവ.ഹൈസ്കൂൾ/ഹയർ സെക്കണ്ടറി സ്കൂളുകളിൽ നാപ്കിൻ വെൻഡിംഗ് മെഷീനും നാപ്കിൻ ഡൈജസ്റ്ററും സ്ഥാപിക്കൽ</u>

പ്രോജക്ട് നം. 252/19 പ്രകാരം 4,77,000/- രൂപ ചെലവഴിച്ച് ഗവ.ഹൈസ്കൂൾ/ഹയർ സെക്കണ്ടറി സ്കൂളുകളിൽ നാപ്കിൻ വെൻഡിംഗ് മെഷീനും നാപ്കിൻ ഡൈജസ്റ്ററും സ്ഥാപിച്ചിട്ടുണ്ട്. വിഴിക്കിത്തോട് ആർ.വി.ഹയർ സെക്കന്ററി സ്കൂളിൽ നടത്തിയ സ്ഥലപരിശോധനയിൽ നാപ്കിൻ വെൻഡിംഗ് മെഷീൻ സ്റ്റാഫ് റൂമിന്റെ ഒരു മൂലയിൽ ഘടിപ്പിച്ചിരിക്കുന്നതായി കാണാൻ കഴിഞ്ഞു. 100 ൽ അധികം നാപ്കിനുകൾ സൂക്ഷിക്കുവാൻ ശേഷിയുള്ളതും നാണയത്തുട്ടുകൾ ഉപയോഗിച്ച് നാപ്കിനുകൾ ലഭ്യമാക്കുന്നതിന് ഉദ്ദേശിച്ചുള്ളതുമായ ടി മെഷീനുകൾ നിലവിൽ ഉപയോഗിക്കുന്നില്ല.

ഉപയോഗിക്കപ്പെടാത്ത ഈ അവസ്ഥ തുടർന്നാൽ മേൽപ്പറഞ്ഞ ഉപകരണങ്ങൾ നശിച്ചുപോവാനുള്ള സാഹചര്യമാണുള്ളത്. ഇക്കാര്യത്തിൽ വിശദീകരണം തേടിയുള്ള ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.10 തിയതി: 19.11.2019) മറുപടി ലഭിച്ചിട്ടില്ല. ഇവ ഉപയോഗത്തിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഭരണസമിതിയംഗങ്ങളും സെക്രട്ടറിയും എക്സിറ്റ് മീറ്റിംഗിൽ അറിയിക്കുകയുണ്ടായി. കുട്ടികൾക്ക് സൗകര്യപ്രദമായ രീതിയിൽ മെഷീനുകൾ സ്ഥാപിക്കുന്നതിനും ആവശ്യാനുസരണം നാപ്കിനുകൾ ലഭ്യമാക്കി പ്രോജക്ടിന്റെ ലക്ഷ്യം സാക്ഷാത്കരിക്കുന്ന രീതിയിൽ ഉപയോഗപ്രദമാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-20 വിതരണ വിവരങ്ങൾ ലഭ്യമല്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| അടങ്കൽ | 13,50,000/- |
| ചെലവ് | 12,17,357/- |
| ബിൽ നം. | 115 തീയതി 27.03.19 - 4,82,665/- |

വിവിധ പദ്ധതികൾ പ്രകാരം സമാഹരിക്കപ്പെടുന്ന എല്ലാ സാധനങ്ങളും സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തുകയോ ഉൾപ്പെടുത്തിയിട്ടുള്ള സംഗതികളിൽ തന്നെ വിതരണ വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തുകയോ ചെയ്തതായി കാണുന്നില്ല. കമ്പ്യൂട്ടറിന്റെയും അനുബന്ധ ഉപകരണങ്ങളുടെയും സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 17 ഡസ്ക്ടോപ് കമ്പ്യൂട്ടറുകൾ ബ്ലോക്ക് പഞ്ചായത്തിൽ നിലവിലുള്ളപ്പോഴാണ് സ്ഥാപനം ഐ.എസ്.ഒ. നിലവാരത്തിലേയ്ക്ക് ഉയർത്തൽ (പ്രോജക്ട് നം.27/19) പ്രകാരം 7 ഡസ്ക്ടോപ് കമ്പ്യൂട്ടറുകൾ കൂടി 44,250/- രൂപ നിരക്കിൽ വാങ്ങിയിട്ടുള്ളത്. ഇതിൽ 2 ഡസ്ക്ടോപ് കമ്പ്യൂട്ടറുകൾ കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തതായി കാണുന്നുണ്ട്. ബ്ലോക്ക് പഞ്ചായത്ത് ഓഫീസിന്റെ ആവശ്യത്തിനായി പ്രോജക്ട് തയ്യാറാക്കി വാങ്ങിയ ഡസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾ വിതരണം ചെയ്തിട്ടുള്ളത് ക്രമപ്രകാരമല്ല. ബാക്കിയുള്ള 5 ഡസ്ക്ടോപ്പ് കമ്പ്യൂട്ടറുകളുടെ വിതരണവിവരം ലഭ്യമല്ലാത്തതിനാൽ അവയുടെ വാങ്ങലിനായി ചെലവഴിച്ച 2,21,150/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇതുൾപ്പെടെ ബാക്കിയുള്ള 22 ഡസ്ക് ടോപ് കമ്പ്യൂട്ടറുകളുടെ വിതരണ വിവരങ്ങൾ ലഭ്യമല്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| അടങ്കൽ | 5,00,000/- |

ചെലവ് 5,00,000/-

ബിൽ നം. 79/18-19 തീയതി 14.11.18 - 3,63,990/-

82/18-19 തീയതി 23.11.18 - 1,36,010/-

എസ്.സി.വനിതാ തൊഴിൽ പരിശീലന കേന്ദ്രങ്ങൾക്ക് ഫർണിച്ചറും ഉപകരണങ്ങളും (പ്രോജക്റ്റ് നം.227/19) സംഭരണം നടത്തിയതിൽ പകുതിയിൽ താഴെ ഫർണിച്ചറും ഉപകരണങ്ങളും മാത്രമാണ് വിതരണം നടത്തിയിട്ടുള്ളത്. മുറികല്ലുംപുറത്തുള്ള വനിതാ തൊഴിൽ പരിശീലന കേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുവാൻ വൈകിയത് കൊണ്ടാണ് ബാക്കിയുള്ള ഫർണിച്ചറും ഉപകരണങ്ങളും കൈപ്പറ്റാത്തത് എന്നാണ് ബന്ധപ്പെട്ട ഡിവിഷൻ മെമ്പർ എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചത്. ഫർണിച്ചറുകളുടെയും മറ്റ് ഉപകരണങ്ങളുടെയും വിതരണവിവരം ലഭ്യമല്ലാത്തതിനാൽ 5,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

വിവിധ പ്രോജക്റ്റുകൾ പ്രകാരം സമാഹരിക്കപ്പെടുന്ന എല്ലാ സാധനങ്ങളും സ്റ്റോക്കിലുൾപ്പെടുത്തുകയും ആയതിന്റെ വിതരണ വിവരങ്ങൾ പൂർത്തീകരിക്കുകയും ചെയ്ത് സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

# 1-21 കൊടിത്തോട്ടംകോളനി പകൽവീട്-നിർമ്മാണം പാതിവഴിയിൽ നിർത്തി - പൊട്ടിച്ചപാറയുടെ അളവ് രേഖപ്പെടുത്തിയില്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 153/19, മുൻവർഷ നമ്പർ-084/17-18 |
| പ്രോജക്റ്റ് | കൊടിത്തോട്ടംകോളനി പകൽവീട് നിർമ്മാണം. |
| അടങ്കൽ | 977880/- (വികസനഫണ്ട്,എസ്.സി.പി) |
| കരാർ നമ്പർ/ തീയതി | 79/AEE/LSGD/KPLY/16-17/31-03-17 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എക്സി.എൻജിനീയർ. |
| കോൺട്രാക്ടർ | ഷാജി.കെ.എസ്,കോയിപ്പുറത്ത്,മുക്കൂട്ടുതറ |
| അളവ് പുസ്തകം | 46/AEE/LSGD/KPLY/17-18 |
| പാർട്ട് ബിൽ നം./ തീയതി | 3/18-19/25-5-18 |
| ചെലവ് വിവരം | ആകെ തുക-222912/,IT-2229,CWWF-2229,റിട്ടൻഷൻ-22291/ കരാറുകാരന് തുക-196163/ |
| സാങ്കേതികാനുമതി | LSGD/TS/2016-17/2514/24-1-17 |

പ്രവൃത്തിയുടെ എം.ബുക്ക് പ്രകാരം ചെയ്തിട്ടുള്ള ഒന്നാമത്തെയിനം എർത്ത് വർക്ക് എക്സ്കവേഷൻ ഇൻ ഹാർഡ് റോക്ക് ആണ്. ബ്ലാസ്റ്റിംഗ് നിരോധിച്ചിരിക്കുന്നു എന്നും എംബുക്കിൽ ചേർത്തിട്ടുണ്ട്. എർത്ത് വർക്ക് എക്സ്കവേഷന്റെ അളവ് രേഖപ്പെടുത്തിയിട്ടുള്ളത് 62.391ക്യൂബിക് മീറ്റർ എന്നാണ്. എന്നാൽ പ്രസ്തുത മണ്ണ് എപ്രകാരം വിനിയോഗിച്ചുവെന്ന് എം.ബുക്കിൽ രേഖപ്പെടുത്തൽ ഇല്ല. ഇനം 2 പാറയിൽ എം.എസ് ഡവൽബാർ ഉറപ്പിക്കലാണ്. കോളം നിർമ്മിക്കലിനായി കമ്പി ഉറപ്പിക്കൽ, തറയുടെ ഭാഗമായുള്ള കെട്ട് തുടങ്ങിയ പ്രവൃത്തികളും ചെയ്തിട്ടുണ്ട്.

സാങ്കേതികാനുമതിയിൽ പൂർത്തീകരണകാലാവധി 5 മാസമായി നിജപ്പെടുത്തിയ പ്രവൃത്തി കരാർ പ്രകാരം 31-8-2017 ൽ പൂർത്തീകരിക്കേണ്ടിയിരുന്നതാണ്. എന്നാൽ 3-1-2018-ൽ അളവെടുത്ത് പാർട്ട് ബിൽ നല്കിയതും 2017-18, 2018-19 വർഷങ്ങളിലായി സ്പിൽ ഓവറായി തുടരുന്നതുമായ പ്രവൃത്തിയുടെ നിർമാണ കാലാവധി നിയമപ്രകാരം വർദ്ധിപ്പിച്ചിട്ടില്ല. മതിയായ കാരണമില്ലാതെ നിർമ്മാണം വൈകിപ്പിക്കുന്ന കോൺട്രാക്ടർക്കെതിരെ നടപടി സ്വീകരിച്ചിട്ടില്ല. മരാമത്ത്മാനുവൽ, കരാർ വ്യവസ്ഥകൾ എന്നിവ

അനുസരിച്ചുള്ള നടപടികൾ കോൺട്രാക്ടർക്കെതിരെ സ്വീകരിക്കേണ്ടതും പ്രവൃത്തി പൂർത്തീകരിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതുമാണ്.

പ്രാദേശികപരിശോധനയിൽ പാറക്കൂട്ടങ്ങൾക്ക് മുകളിലെ നിർമ്മാണത്തിനായി ധാരാളം കരിങ്കല്ല് പൊട്ടിച്ചതായും, ഇപ്രകാരം പൊട്ടിച്ച കല്ലുകൾ പകൽവീടിന്റെ തറ നിർമിക്കുന്നതിന് ഉപയോഗിച്ചതായും കാണുന്നു. അളവ് പുസ്തകപ്രകാരം 33.945 ക്യൂബിക് മീറ്ററാണ് കൽകെട്ടിന്റെ അളവ്. കൂടാതെ പൊട്ടിച്ച ലോഡ്കണക്കിന് കല്ലുകൾ സ്ഥലത്ത് കൂട്ടിയിട്ടുമുണ്ട്. എന്നാൽ കല്ലിന്റെ അളവെടുക്കുകയോ എംബുക്കിൽ ചേർക്കുകയോ ചെയ്തിട്ടില്ല. ഇതുമൂലം കല്ല് നഷ്ടപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമല്ല. മാത്രമല്ല കെട്ടിടം നിർമിക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ചിട്ടുള്ളതിന്റെ രേഖകൾ ലഭ്യമല്ല. സർക്കാർ വകുപ്പുകളിൽനിന്ന് കെട്ടിടം നിർമിക്കാൻ അനുമതി ലഭിച്ച വിവരവും ഇല്ല.

സ്ഥലത്തിന്റെ ഉടമസ്ഥാവകാശം, കെട്ടിടനിർമിതിക്ക് സർക്കാരിൽനിന്ന് രേഖാമൂലമുള്ള അനുവാദം എന്നിവയില്ലാതെ പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങുകയും വൻതോതിൽ പാറ പൊട്ടിച്ച് നിർമാണ പ്രവൃത്തി ആരംഭിച്ച് 222912/- രൂപ ചെലവഴിച്ചതും ക്രമപ്രകാരമല്ല. പ്രോജക്ട് തയ്യാറാക്കിയതിലും നിർമ്മിതിയിലും അപാകതകൾ നിലനിൽക്കുന്നു.



**പൊട്ടിച്ച പാറകൾ കൂട്ടിയിട്ട നിലയിൽ**



**പൂർത്തീകരിക്കാത്ത പകൽവീട്**

പ്രവൃത്തിയുടെ സ്ഥലത്ത് പൊട്ടിച്ച് കൂട്ടിയിട്ടുള്ള പാറയുടെ അളവ് അടിയന്തിരമായി എടുത്ത് സർവെ റിപ്പോർട്ട് സഹിതം ആധികാരിക രേഖപ്പെടുത്തൽ എം.ബുക്കിൽ വരുത്തേണ്ടതും പാറ നഷ്ടപ്പെടാതെ സംരക്ഷിക്കേണ്ടതുമാണ്. ബ്ലോക്കിന് ഉടമസ്ഥാവകാശം ഇല്ലാത്ത ഭൂമിയിലെ നിർമ്മാണത്തിന് (എക്സിറ്റ് മീറ്റിംഗിൽ ഇത് ഉറപ്പുനല്കുകയോ, ഓഡിറ്റ് എൻക്വയറിക്ക് മറുപടി നല്കുകയോ ചെയ്തിട്ടില്ല) ഭൂമിയുടെ ഉടമസ്ഥാവകാശം ഉള്ള സർക്കാർ വകുപ്പിന്റെ അംഗീകാരം വാങ്ങേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി പൂർത്തീകരിച്ച് പ്രോജക്ട് ലക്ഷ്യപ്രാപ്തി നേടി പൊതുപണത്തിന്റെ പാഴ്ചെലവ്

ഒഴിവാക്കേണ്ടതുമാണ്. പ്രവൃത്തി പൂർത്തീകരണം നിലവിൽ സാധിക്കാത്തതിനാൽ 222912/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-22 പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം -പിഴ ഈടാക്കിയത് കുറവ്.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 154/19 |
| പ്രോജക്റ്റ് | കോരുത്തോട് പഞ്ചായത്ത്- 504 കോളനി-സിയോൺകുന്ന്ഭാഗം അടിസ്ഥാനസൗകര്യ വികസനം. |
| അടങ്കൽ | 4 ലക്ഷം, വികസനഫണ്ട്, എസ്.സി.പി |
| കരാർ നമ്പർ/ തീയതി | 30/AEE/LSGD/KPLY/16-17/23-2-17 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ്എൻജിനീയർ |
| കൺവീനർ | കെ.വി.തിലകരാജ്. |
| അളവ് പുസ്തകം | 48/AEE/LSGD/KPLY/17-18 |
| ബിൽ നം./ തീയതി | 2/18-19/25-5-18 |
| ചെലവ് വിവരം | പ്രവൃത്തിമൂല്യം-227399,IT 2%-4548/,CWWF 1%-2274,<br>പിഴ 1%-2274,കൺവീനർ-218363/ |
| സാങ്കേതികാനുമതി | LSGD/TS/75818/16-17 |

23-2-17-ൽ കരാർ വച്ച പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 3 മാസമായിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തിയാക്കിയത് 26-3-2018-ൽ മാത്രമാണ്. കാലാവധി നീട്ടാനാവശ്യപ്പെട്ട് കൺവീനർ അപേക്ഷ നല്കിയിട്ടില്ലാത്തതിനാൽ കൺവീനറുടെ വീഴ്ചയാണ് പ്രവൃത്തി വൈകാൻ കാരണമെന്ന് വ്യക്തമാകുന്നു.

ഇപ്രകാരം പൂർത്തീകരണ കാലാവധി വൈകുന്ന സാഹചര്യത്തിൽ പ്രവൃത്തി പൂർത്തീക്കുന്നതിനുള്ള കാലാവധി പിഴയില്ലാതെ അസ്സൽ കാലാവധിയുടെ 20%വും അതിൽ കൂടുതൽ വരുന്ന 3 മാസം വരെ കരാർ തുകയുടെ 1% വും പിന്നീട് ഓരോ 3മാസത്തിനും കരാർ തുകയുടെ 2% വീതവും പിഴചുമത്തി മാത്രമേ കാലാവധി നീട്ടാൻ പാടുള്ളു (പൊതുമരാമത്ത് മാനുവൽ 2012 (ജി.ഒ.(പി)നം.13/2012/പിഡബ്ല്യുഡി/ 01.02.12) സെക്ഷൻ 2112 പ്രകാരം) മതിയായ കാരണം ചേർത്ത് അപേക്ഷ നല്കാത്ത സാഹചര്യത്തിൽ ബില്ലിൽ കിഴിവ് ചെയ്ത 1% (2274/)ലധികം രൂപ പിഴ ഈടാക്കേണ്ടിയിരുന്നു.

അതായത് കരാർ തീയതിയായ 23-2-17 മുതൽ 3 മാസ കാലാവധിയായ 22/5/17 ന് ശേഷം 18 ദിവസം കൂടി 09/06/17വരെ പിഴ കൂടാതെ പൂർത്തീകരണ കാലാവധി നീട്ടാവുന്നതാണ്. 10.06.17 മുതൽ 09.06.17

വരെ 1% പിഴ 2274/- രൂപയും പിന്നീടുള്ള 6 മാസത്തിന് ഓരോ 3 മാസത്തിനും 2% വീതം 9,096/- രൂപയുമുൾപ്പെടെ ആകെ 11,370/- രൂപ പിഴ ഈടാക്കേണ്ടിയിരുന്നു. എന്നാൽ 2274/- രൂപ മാത്രം പിഴ ഈടാക്കി. കുറവ് തുക ഉത്തരവാദിയായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറിൽ നിന്ന് ഈടാക്കി ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

# 1-23 പ്രയാറ്റുപടി വഞ്ചികപ്പാറ റോഡ് നിർമ്മാണം - പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം

| | |
|---|---|
| പ്രോജക്ട് നം. | 177/19 |
| ചെലവ് | 578737 ( വികസന ഫണ്ട്(പൊതു) |
| ബിൽ നം. | 32/31.12.18 |
| എം ബുക്ക് നം. | 68/17-18 |
| നിർവഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

റോഡ് നിർമ്മാണത്തിനായി 21.10.2017 ൽ കരാറിലേർപ്പെട്ടെങ്കിലും എം ബുക്കിലെ രേഖപ്പെടുത്തലനുസരിച്ച് 12.11.18 ൽ മാത്രമാണ് പ്രവൃത്തി ആരംഭിച്ചതായി കാണുന്നത്. കേരള പൊതുമരാമത്ത് മാനുവൽ 2116.2 പ്രകാരം കരാർ ഒപ്പുവച്ച് നിശ്ചിത സമയം കഴിഞ്ഞിട്ടും സൈറ്റ് ഏറ്റെടുത്ത് പ്രവൃത്തി ആരംഭിക്കാതിരുന്നാൽ കരാർ അവസാനിപ്പിച്ച് പ്രസ്തുത കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതായിരുന്നു. എന്നാൽ ഇത് പരിഗണിക്കാതെ നാമമാത്ര പിഴ ഈടാക്കി (ആകെ വേലമൂല്യത്തിന്റെ 1%ആയ 5757/- രൂപ) പ്രവൃത്തി പൂർത്തീകരിക്കുകയാണ് ചെയ്തത്. കാലതാമസത്തിനുള്ള കാരണം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രോജക്ടിന്റെ പ്രവർത്തന കലണ്ടർ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രോജക്ടിന്റെ സാങ്കേതികാനുമതി പത്രത്തിൽ നാല് മാസമാണ് പൂർത്തീകരണകാലയളവായി രേഖപ്പെടുത്തിയിരിക്കുന്നത്.എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നത് 10.12.18 ൽ മാത്രമാണ്. കാലാവധി ദീർഘിപ്പിച്ചു നൽകാൻ കരാറുകാരൻ അപേക്ഷ നൽകിയിട്ടില്ല. പ്രവൃത്തി ആരംഭിച്ചതിനുശേഷം ഒരു വർഷത്തിനു ശേഷം പൂർത്തീകരിച്ചിട്ടും ബില്ലിൽ ആകെ വേലമൂല്യത്തിന്റെ 1% തുക മാത്രമാണ് പിഴയായി കുറവ് ചെയ്തത് . ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/19-11-19) മറുപടി ലഭ്യമാക്കിയില്ല. പൂർത്തീകരണ കാലാവധി വൈകിയ സാഹചര്യത്തിൽ കരാർ തീയതിയായ 21.10.2017 മുതൽ 4 മാസ കാലാവധിയായ 20.02.2018ന് ശേഷം 24 ദിവസം കൂടി (അസൽ കാലാവധിയുടെ 20%) 16.03.18 വരെ പിഴ കൂടാതെ പൂർത്തീകരണ കാലാവധി നീട്ടാവുന്നതാണ്. 17.03.18 മുതൽ 16.06.18 വരെ 1% പിഴ 5787/- രൂപയും പിന്നീടുള്ള 6 മാസത്തിന് ഓരോ മൂന്ന് മാസത്തിനും 2% വീതം 23,148/- രൂപയുമുൾപ്പെടെ ആകെ 28,935/- രൂപ പിഴ ഈടാക്കേണ്ടിയിരുന്നു. പിഴ ഈടാക്കിയതിൽ കുറവ് വന്ന 23,148/- രൂപ (28935-5787) ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ കരാറുകാരനിൽ നിന്നോ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# 1-24 സ്രാമ്പി-മുളങ്കാനം കുടിവെള്ളപദ്ധതി-

# നിർവഹണത്തിൽ അപാകതകൾ.

| | |
|---|---|
| പ്രോജക്ട് നമ്പർ | 152/2019, (111/16, 132/18) |
| പ്രോജക്ട് | സ്രാമ്പി-മുളങ്കാനം കുടിവെള്ളപദ്ധതി |
| അടങ്കൽ | 4,95,000/- (വികസനഫണ്ട്,ജനറൽ) |
| കരാർ നമ്പർ/ തീയതി | 38/AEE/LSGD/KPLYBP/15-16Dt.24.02.2016 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| കൺവീനർ | ശ്രീമതി.ഐവിമോൾ,ഓലിക്കൽ |
| അളവ് പുസ്തകം | 49/AEE/LSGD/KPLY/2017-18 |
| ബിൽ നം./ തീയതി | 1/18-19, തീയതി 25-5-2018 |
| ചെലവ് വിവരം | ആകെ ചെലവ് 388709/-, കൺവീനർ 373161/- അക്കൗണ്ടിൽ നല്കി ഐ.റ്റി 7774/- വെൽഫയർ ഫണ്ട് 3887/-പിഴ-3887(1%) |

സി.പി.ഡബ്ല്യു.ഡി 2014(DSR) നിരക്കനുസരിച്ച് 46.67 കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുത്തി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമാണ് പ്രവൃത്തി കൺവീനറെ ഏൽപ്പിച്ചിട്ടുള്ളത്. ഓവർഹെഡ്ചാർജ്, കരാറുകാരന്റെ ലാഭവിഹിതം എന്നിവ ഒഴിവാക്കിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്.

പ്രോജക്ട് പ്രകാരം തയ്യാറാക്കിയിരുന്ന എസ്റ്റിമേറ്റ് ഇലക്ട്രിഫിക്കേഷൻ, ജി.ഐ. പൈപ്പ് ഇടൽ ഉൾപ്പെടെ 12 ഇനങ്ങൾ ഉൾപ്പെട്ടതാണ്. ഇതിന് 18-9-15ലെ TS/45/B1.KPLY/AEE/LSGD/KPLY ആയി സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ട്. എന്നാൽ പിന്നീട് എക്സ്ട്രാ ഇനങ്ങളായി 40mm, 25mm, 20mm GIപൈപ്പിടൽ മാത്രമായി യഥാക്രമം 500,138,710 മീറ്റർ വീതം ഉൾപ്പടുത്തി മറ്റെല്ലാ ഇനങ്ങളും ഒഴിവാക്കി എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് പ്രവൃത്തി നടത്തുകയും ചെയ്തു. എസ്റ്റിമേറ്റ് പുതുക്കാനുള്ള സാഹചര്യം വ്യക്തമല്ല. കൂടാതെ മുൻ എസ്റ്റിമേറ്റിലുണ്ടായിരുന്നതും റിവൈസ്ചെയ്ത എസ്റ്റിമേറ്റിൽ നിലനിർത്തിയതുമായ 50mm മെറ്റൽവാൽവ് സ്ഥാപിക്കലും നടത്തി എം ബുക്ക് പ്രകാരം(49/AEE/LSGD/KPLY/17-18) 40mm GIപൈപ്പ് 498മീ,25mm,138മീ,20mm 708.15മീ വീതം ഇട്ടതിന് കൺവീനർക്ക് മേൽ പറഞ്ഞ പ്രകാരം തുക നല്കി. അളവ് എടുത്ത തീയതി ചേർക്കാതെ ചെക്ക് മെഷർമെന്റ് 15-2-18ന് എടുത്തതായാണ് എം ബുക്കിൽ കാണുന്നത്.

24-2-16 ൽ കരാർ വച്ച പ്രവൃത്തിയുടെ എസ്റ്റിമേറ്റ് മതിയായ കാരണം കാണിക്കാതെ പുതുക്കുകയും എക്സ്ട്രാ ഇനങ്ങൾ ഉൾപ്പെടുത്തി പ്രവൃത്തി പൂർത്തീകരണം 2വർഷത്തോളം വൈകിക്കുകയും ആണ് ചെയ്തത്.

<u>പ്രവൃത്തിയിലെ മറ്റ് അപാകതകൾ.</u>

1. ത.സ്വ.ഭ.വ ചീഫ് എൻജിനീയറുടെ 13-11-2014 ലെ സർക്കുലർ നമ്പർ 1/1559/2010 പ്രകാരം ഗുണഭോക്തൃസമിതി മുഖേന ചെയ്യുന്ന പ്രവൃത്തികളിൽ വാങ്ങുന്ന സാധനങ്ങൾ, തൊഴിലാളികളുടെ വേതനം, യന്ത്രസാമഗ്രികളുടെ വാടക എന്നിവയുടെ കണക്കുകൾ, മസ്റ്റർ റോൾ, മിനിറ്റ്സ് ബുക്ക് എന്നിവ കൺവീനർ തയ്യാറാക്കി നിർവഹണ ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതും ആയത് പരിശോധിച്ച് സമിതിക്ക് വന്ന യഥാർത്ഥ ചെലവോ, ആകെ വേലമൂല്യമോ ഏതാണ് കുറവ് അതായിരിക്കണം സമിതിക്ക് നൽകേണ്ടത് എന്നും വ്യക്തമാക്കുന്നു.

എന്നാൽ ഗുണഭോക്തൃസമിതി പ്രവൃത്തിയുമായി ബന്ധപ്പെട്ട ബില്ലുകളുൾപ്പെടെ യാതൊരുകണക്കുകളും ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. സമിതിയുടെ കണക്കുകളും, ബില്ലുകളും പരിശോധിക്കാതെ തുക നല്കിയത് തെറ്റായ നടപടിയാണ്.

2. മരാമത്ത് ചട്ടങ്ങൾ പ്രകാരം മതിയായ കാരണങ്ങളുടെ അടിസ്ഥാനത്തിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലാവധി പിഴയില്ലാതെ അസ്സൽ കാലാവധിയുടെ 20%വും അതിൽ കൂടുതൽ വരുന്ന 3 മാസം വരെ കരാർ തുകയുടെ 1ശതമാനവും പിന്നീട് ഓരോ 3മാസത്തിനും കരാർ തുകയുടെ 2% വീതവും പിഴചുമത്തി മാത്രമേ കാലാവധി നീട്ടാൻ പാടുള്ളൂ. കാലാവധി ഫയലിൽ ഉൾപ്പെടുത്താത്ത സാഹചര്യത്തിൽ 6മാസം എന്ന് കണക്കാക്കിയാൽ പോലും മതിയായ കാരണം ചേർത്ത് അപേക്ഷ നല്കാത്ത സാഹചര്യത്തിൽ ബില്ലിൽ കിഴിവ് ചെയ്ത 1% (3887)ലധികം രൂപ പിഴ ഈടാക്കേണ്ടിയിരുന്നു.

അതായത് കരാർ തീയതിയായ 24-2-16 മുതൽ 6 മാസം കഴിച്ച് 9/16 മുതൽ ആദ്യ 3 മാസമായ 11/16 വരെ 388709/- രൂപയുടെ 1ശതമാനമായ 3887/-, 12/16 മുതൽ പൂർത്തീകരണ തീയതിയായ 15/2/18 വരെയുള്ള കാലം 3 മാസത്തിന് 2% നിരക്കിൽ 19435/- രൂപയുമുൾപ്പെടെ ആകെ 23322/- രൂപ പിഴ ഈടാക്കേണ്ടിയിരുന്നു. എന്നാൽ 3887/- രൂപ മാത്രം പിഴ ഈടാക്കി. കുറവ് തുക ഉത്തരവാദിയായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറിൽ നിന്ന് ഈടാക്കി ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

കൂടാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്തതിന്റെ കാരണം, തീയതി, പ്രവൃത്തിയുടെ പൂർത്തീകരണ കലണ്ടർ വിവരങ്ങൾ എന്നിവ ഫയലിൽ ഉൾപ്പടുത്താത്തതു സംബന്ധിച്ച വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

# 1-25 കുറുവാമൂഴി ജലസേചനപദ്ധതി - പഞ്ചായത്തിന്റെ ആസ്തിയാണെന്ന് ഉറപ്പുവരുത്തിയിട്ടില്ല - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നം. | 169/19 |
| ചെലവ് | 452797 (വികസന ഫണ്ട് (പൊതുവിഭാഗം) |
| ബിൽ നം | 25/30.11.18 |
| നിർവഹണോദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |

1986 മുതൽ പ്രവർത്തിച്ചു വരുന്ന, 200ലധികം ഗുണഭോക്താക്കൾ ഉൾപ്പെടുന്ന ഒരു ജലസേചന പ്രോജക്റ്റാണിത്. പ്രസ്തുത ജലസേചന പ്രോജക്റ്റിന്റെ വാട്ടർ ടാങ്ക് മെയിന്റനൻസ്, 15 HP മോട്ടോർ സ്ഥാപിക്കൽ എന്നിവയ്ക്കാണ് തൻവർഷം പ്രോജക്റ്റ് മുഖേന തുക ചെലവഴിച്ചിരിക്കുന്നത്. വാട്ടർ ടാങ്ക് സ്ഥാപിച്ചിരിക്കുന്ന സ്ഥലം സ്വകാര്യ വ്യക്തിയുടെ പുരയിടത്തിൽ ഉള്ളതാണ്. ആയത് ജലസേചന വകുപ്പിന് സറണ്ടർ ചെയ്തതാണെന്നാണ് ഗുണഭോക്തൃസമിതി കൺവീനർ 18/11/19 ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ അറിയിച്ചത്. പ്രസ്തുത സ്ഥലം പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്

(18/19-11-19) മറുപടി ലഭിച്ചില്ല. പ്രോജക്ടിന്റെ ഭാഗമായുള്ള 15 HP മോട്ടോർ (വേലമൂല്യം -115162) നാളിതുവരെ സ്ഥാപിച്ചിട്ടില്ല. എം ബുക്ക് (66/17-18) പേജ് നം. 13ൽ ഉൾപ്പെടുത്തിയിരിക്കുന്ന Supplying and fixing black granite name board എന്ന പ്രവൃത്തിയും (വേലമൂല്യം 2927 രൂപ)നിർവഹിച്ചിട്ടില്ല. മോട്ടോർ സ്ഥാപിച്ചതിനും നെയിം ബോർഡ് സ്ഥാപിച്ചതിനും ചെലവഴിച്ച 1,18,089/- രൂപ തടസ്സപ്പെടുത്തുന്നു. അപാകതകൾ പരിഹരിക്കേണ്ടതും വാട്ടർ ടാങ്ക് സ്ഥിതി ചെയ്യുന്ന സ്ഥലം പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് നിർവഹണ ഉദ്യോഗസ്ഥരും ഭരണസമിതിയും ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-26 കൂട്ടിക്കൽ സി എച്ച് സി കെട്ടിട മെയിന്റനൻസ് - എം ബുക്കിൽ പ്രവൃത്തി രേഖപ്പെടുത്തിയതിൽ അപാകത

| | |
|---|---|
| പ്രോജക്ട് നം. | 198/19 |
| ചെലവ് | 3,00,425<br>(മെയിന്റനൻസ് ഗ്രാന്റ് -നോൺറോഡ്) |
| ബിൽ നം. | 08/20.07.18 |
| നിർവഹണോദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |

എം ബുക്കിൽ (53/17-18) ക്രമ നം. 5 providing and fixing 25 mm thick shutter for cupboard, ക്രമ നം. 7 providing and fixing glazed shutter for doors എന്നീ പ്രവൃത്തികളുടെ അളവ് രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ പ്രസ്തുത പ്രവൃത്തികളുടെ വേലമൂല്യം കണക്കാക്കി 2794.66 (1949.78 + 844.88 ) രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. അളവുപുസ്തകത്തിൽ രേഖപ്പെടുത്താത്ത ഇനങ്ങൾക്ക് തുക കണക്കാക്കി ബിൽ നല്കിയത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. 17/19-11-19 നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ ഇല്ല.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ചെലവ്

# സംബന്ധമായ ഓഡിറ്റ് പരാമർശങ്ങൾ

മേൽ പരാമർശിത നിയമവ്യവസ്ഥകൾ പ്രകാരം സർചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന പരാമർശങ്ങൾ ഇല്ല. ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള ചെലവ് സംബന്ധമായ ഓഡിറ്റ് നിരീക്ഷണങ്ങൾ വിശകലനം ചെയ്ത് ബാധകമായ നിയമങ്ങൾ/ചട്ടങ്ങൾ പ്രകാരമുള്ള റിക്കവറി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 21-08-2019 | കെ.എസ്.എ.കെ.ടി.എം.പി15/1334/ 2019/29/8/19 |

# 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കാഞ്ഞിരപ്പള്ളി ഗ്രാമ പഞ്ചായത്ത് | 2018-19 | 150000 | 244/19,ബ്ലോക്ക്പടി-നെടുങ്ങാട് റോഡ് കോൺക്രീറ്റിംഗ്. | 62245 | 87755 |
| ,, | ,, | 100687 | 266/19,തമ്പലക്കാട്-എം.എൻ ലിങ്ക് റോഡ് | 100687 | 0 |
| ,, | ,, | 200000 | 117/19,മാഞ്ഞൂക്കുളം-കുരിശുപള്ളി റോഡ് | 195112 | 4888 |
| ,, | ,, | 200000 | 120/19,ഞള്ളമറ്റം-തവിട്ടനംകുഴി റോഡ് | 0 | 200000 |
| ആകെ | | 650687 | | | |

RP-31 പ്രകാരം 5,50,687/- രൂപയാണ് വരവ്. എന്നാൽ 6,50,687/- രൂപയാണ് യഥാർത്ഥ വരവ്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്. കൂടാതെ ഗ്രാമപഞ്ചായത്ത് (റവന്യൂ) 2018-19 വരവുചെലവ് കണക്കുകളും ലഭ്യമാക്കേണ്ടതാണ്.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 240/19,സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | | 344973 | 0 | 344973 |
| ഭൂജലവകുപ്പ് | 6/19,കുഴൽക്കിണർ നിർമ്മാണം | | 1200000 | 0 | 1200000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-5 വായ്പ / വായ്പാവതിരിച്ചടവ്

തൻവർഷം വായ്പ /വായ്പാ തിരിച്ചടവുകൾ ഇല്ല.

## 4-6 സ്ഥിര നിക്ഷേപം.

സ്ഥിര നിക്ഷേപം ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇല്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 5 | 2004-05 | 2-1 | വ്യവസായ എസ്റ്റേറ്റിനായി വാങ്ങിയ ഭൂമിയിൽ എസ്റ്റേറ്റ് ആരംഭിച്ചില്ല | നടപടികൾ തുടരുന്നു. |
| 2002-03 | 3-2 | 2005-06 | 2-25-1 | അംഗീകാരമില്ലാത്ത SGRY പദ്ധതികൾക്ക് വകമാറ്റി മുൻകൂർ നൽകി | ,, |
| 2003-04 | 3-2 | 2005-06 | 2-25-2 | കമ്പ്യൂട്ടർ തൊഴിൽ സാധ്യതാ പരിശീലന പരിപാടിയിൽ ക്രമക്കേടുകൾ | ,, |
| 2004- | 3-2 | 2007-08a | 3-36-1 | യുവജന കായികക്ഷമതാ പരിപാടി- | ,, |

| | | | | | |
|---|---|---|---|---|---|
| 05 | | | | കരാറുകാരൻ വ്യാജരേഖ ചമച്ച് തുക തട്ടിയെടുത്തു | |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ചാർജ് /സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയിട്ടില്ല.

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 12,88,65,045 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 9,22,84,066 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 13,60,351 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). ബ്ലോക്ക് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം/ചട്ടങ്ങൾ പ്രകാരം ചാർജ്/സർചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന വ്യക്തമായ നഷ്ടം പ്രതിപാദിച്ചിട്ടില്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 2,14,500 | ഡോ.സീനാ ഇസ്മയിൽ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |
| 1-14 | 56,700 | ഡോ.സീനാ ഇസ്മയിൽ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |
| 1-17 | 27,000 | ശ്രീ.രാജേഷ് എൻ., സെക്രട്ടറി |
| 1-20 | 7,21,150 | ശ്രീ.രാജേഷ് എൻ., സെക്രട്ടറി |
| 1-21 | 2,22,912 | ശ്രീ.അശോകൻ ടി.എം., അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-26 | 1,18,089 | ശ്രീ.പദ്മകുമാർ ടി., അസിസ്റ്റന്റ് എഞ്ചിനീയർ |
| **ആകെ** | **1360351** | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ബാധകമല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെട്ടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2001-02 | കെ.എസ്.എ-കെ.ടി.എം.പി15/2018അദാ/18/811(1)/18/7.5.18 | 13 | |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി15/2018അദാ/811(2)/18/7.5.18 | 13 | |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി15/2018അദാ/811(3)/18/7.5.18 | 05 | |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി15/2018അദാ/811(4)/18/7.5.18 | 05 | |
| 2009-10 | കെ.എസ്.എ-കെ.ടി.എം.പി15/2018അദാ/811(5)/18/7.5.18 | 03 | |
| 2010-11 | കെ.എസ്.എ-കെ.ടി.എം.പി13/791(5)/13/4.9.13 | -- | |
| 2011-12 | എൽ.എഫ്.കെ.പി 13-758/13/01.11.2013 | | |
| 2012-13 | എൽ.എഫ്.കെ.പി 13-65/16/20.08.2016 | 15 | |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി15/അദാ/811(7)18/7.5.18 | 10 | |
| 2014-15 & 2015-16 | കെ.എസ്.എ-കെ.ടി.എം.പി15/1507/18/20.1.18 | 11 | |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി15/1215/അദാ/18/8/811(8)/7.5.18 | 8 | |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി15/12/19/15.05.19 | 18 | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം 1 ഓഡിറ്റ് സർട്ടിഫിക്കറ്റ്.

നം.കെഎസ്എ.കെടിഎം.പി15/1780/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
തീയതി 28.01.2020

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ **കാഞ്ഞിരപ്പള്ളി ബ്ലോക്ക്പഞ്ചായത്തിന്റെ 2018-19** വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **കാഞ്ഞിരപ്പള്ളി ബ്ലോക്ക്പഞ്ചായത്തിന്റെ 2018-19** ലെ വാർഷിക ധനകാര്യപത്രിക വരവുചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം